## ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (1)

ദൂത് നാല്

## മത്സരത്തിന്റെ കീഴ്പ്പെടുത്തലും കർത്താവായ യേശുവിന്റെ കായാന്തരണവും എന്ന നിലയിൽ രാജ്യം

RK *Hymns*: E941, ML93

തിരുവെഴുത്ത് വായന: മർക്കൊ. 4:35-41; 9:1-13; മത്താ. 13:43

മർക്കൊ. 4:35 ആ ദിവസം വൈകുന്നേരം ആയപ്പോൾ അവൻ അവരോട്, നമുക്ക് അക്കരെയ്ക്കു പോകാം എന്നു പറഞ്ഞു.

മർക്കൊ. 4:36 പുരുഷാരത്തെ വിട്ട്, അവൻ ഇരുന്നപാടെ, അവർ അവനെ പടകിൽ കൂട്ടിക്കൊണ്ടുപോയി; മറ്റു പടകുകളും അവനോടുകൂടെ ഉണ്ടായിരുന്നു.

മർക്കൊ. 4:37 വലിയ ഒരു കൊടുങ്കാറ്റ് ഉണ്ടാകുകയും, തിരകൾ പടകിലേക്ക് ആഞ്ഞടിക്കുകയും ചെയ്തു, അപ്പോഴേക്കും പടകിൽ വെള്ളം നിറയുവാൻ തുടങ്ങി.

മർക്കൊ. 4:38 അവനോ തലയണമേൽ ഉറങ്ങിക്കൊണ്ട് അമരത്തായിരുന്നു. അവർ അവനെ ഉണർത്തി അവനോട്, ഗുരോ, ഞങ്ങൾ നശിച്ചുപോകുന്നു എന്നതിൽ നിനക്കു കരുതൽ ഇല്ലയോ? എന്നു ചോദിച്ചു.

മർക്കൊ. 4:39 അവൻ ഉണർത്തപ്പെട്ട ശേഷം, കാറ്റിനെ ശാസിച്ചു, കടലിനോട്, നിശ്ശബ്ദമാകുക! അടങ്ങുക! എന്നു പറഞ്ഞു. കാറ്റ് നിലച്ചു, വലിയ ശാന്തത ഉണ്ടായി.

മർക്കൊ. 4:40 അവൻ അവരോട്, നിങ്ങൾ ഇങ്ങനെ ഭീരുക്കൾ ആകുന്നത് എന്തു കൊണ്ട്? നിങ്ങൾക്കു വിശ്വാസം ഇല്ലാത്തത് എങ്ങനെ? എന്നു ചോദിച്ചു.

മർക്കൊ. 4:41 അവരോ അത്യന്തം ഭയപ്പെട്ട്, കാറ്റും കടലും പോലും അവനെ അനുസരിക്കുന്നുവല്ലോ, അപ്പോൾ ഇവൻ ആരാകുന്നു? എന്നു അന്യോന്യം പറഞ്ഞു.

മർക്കൊ. 9:1 അവൻ അവരോട്, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ദൈവരാജ്യം ശക്തിയിൽ വന്നിരിക്കുന്നതു കാണുംവരെ ഒരുവിധത്തിലും മരണം രുചിക്കാത്ത ചിലർ ഇവിടെ നിൽക്കുന്നവരിലുണ്ട് എന്നു പറഞ്ഞു.

മർക്കൊ. 9:2 പിന്നെ ആറു നാളുകൾക്കുശേഷം, യേശു പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും തന്നോടുകൂടെ കൂട്ടിക്കൊണ്ട് ഉയർന്ന ഒരു മലയിലേക്കു സ്വകാര്യമായി അവരെ മാത്രം മുകളിൽ കൊണ്ടുവന്നു. അവൻ അവരുടെ മുമ്പാകെ കായാന്തരപ്പെട്ടു,

മർക്കൊ. 9:3 അവന്റെ വസ്ത്രങ്ങൾ ഭൂമിയിലെ ഒരു അലക്കുകാരനും വെളുപ്പിക്കുവാൻ കഴിയാത്ത വിധത്തിൽ അത്യധികം വെളുത്തു തിളങ്ങുന്നതായിത്തീർന്നു.

മർക്കൊ. 9:4 ഏലീയാവ് മോശെയോടൊപ്പം അവർക്കു പ്രത്യക്ഷമായി, അവർ യേശുവിനോടു സംഭാഷിക്കുകയായിരുന്നു.

മർക്കൊ. 9:5 പത്രൊസ് ഉത്തരം നൽകി യേശുവിനോട്, റബ്ബീ നാം ഇവിടെ ആയിരിക്കുന്നതു നല്ലതാകുന്നു; നമുക്കു മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം, ഒന്നു നിനക്കും ഒന്നു മോശെക്കും ഒന്നു ഏലീയാവിനും എന്നു പറഞ്ഞു.

മർക്കൊ. 9:6 അവൻ എന്ത് ഉത്തരം പറയേണം എന്ന് അറിഞ്ഞിരുന്നില്ല, അവർ

ഭയപരവശരായിരുന്നു.

മർക്കൊ. 9:7 അവരെ നിഴലിട്ടുകൊണ്ട് ഒരു മേഘം പ്രത്യക്ഷമായി, മേഘത്തിൽനിന്ന്, ഇവൻ എന്റെ പുത്രൻ, പ്രിയനായവൻ, ഇവനെ കേൾക്കുവിൻ! എന്നൊരു ശബ്ദവും വന്നു,

മർക്കൊ. 9:8 പെട്ടെന്ന്, അവർ ചുറ്റും നോക്കിയപ്പോൾ, തങ്ങളോടൊപ്പം യേശുവിനെ മാത്രമല്ലാതെ ആരെയും കണ്ടില്ല.

മർക്കൊ. 9:9 അവർ മലയിൽനിന്ന് ഇറങ്ങിവരുമ്പോൾ, മനുഷ്യപുത്രൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റിട്ടല്ലാതെ അവർ കണ്ട കാര്യങ്ങൾ ആരോടും വിവരിക്കരുതെന്ന് അവൻ അവരോട് ആജ്ഞാപിച്ചു.

മർക്കൊ. 9:10 മരിച്ചവരിൽനിന്ന് ഉയിർക്കുന്നതെന്തെന്നു തങ്ങളുടെ ഇടയിൽത്തന്നെ ചർച്ച ചെയ്തുകൊണ്ട്, അവർ ആ വാക്കു കാത്തു.

മർക്കൊ. 9:11 അവർ അവനോട്, ഏലീയാവ് ആദ്യം വരേണം എന്നു ശാസ്ത്രിമാർ എന്തുകൊണ്ടു പറയുന്നു? എന്നു ചോദിച്ചു.

മർക്കൊ. 9:12 അവൻ അവരോടു പറഞ്ഞു, ഏലീയാവു തീർച്ചയായും ആദ്യം വന്നു സകലവും പുനഃസ്ഥാപിക്കുന്നു. പിന്നെ മനുഷ്യപുത്രനെക്കുറിച്ച്, അവൻ അനേകം കാര്യങ്ങൾ സഹിക്കണമെന്നും ഒന്നുമല്ലാത്തവനായി എണ്ണപ്പെടേണമെന്നും എഴുതിയിരിക്കുന്നത് എങ്ങനെ?

മർക്കൊ. 9:13 എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, ഏലീയാവു തീർച്ചയായും വന്നിരിക്കുന്നു, അവനെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ, തങ്ങൾ ഇച്ഛിച്ച കാര്യങ്ങൾ അവർ അവനോടു ചെയ്തു.

മത്താ. 13:43a അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും...

## I. ദൈവരാജ്യം മത്സരത്തെ കീഴ്പ്പെടുത്തുന്ന ശക്തിയാണ്—മർക്കൊ. 4:35-41:

മർക്കൊ. 4:35 ആ ദിവസം വൈകുന്നേരം ആയപ്പോൾ അവൻ അവരോട്, നമുക്ക് അക്കരെയ്ക്കു പോകാം എന്നു പറഞ്ഞു.

മർക്കൊ. 4:36 പുരുഷാരത്തെ വിട്ട്, അവൻ ഇരുന്നപാടെ, അവർ അവനെ പടകിൽ കൂട്ടിക്കൊണ്ടുപോയി; മറ്റു പടകുകളും അവനോടുകൂടെ ഉണ്ടായിരുന്നു.

മർക്കൊ. 4:37 വലിയ ഒരു കൊടുങ്കാറ്റ് ഉണ്ടാകുകയും, തിരകൾ പടകിലേക്ക് ആഞ്ഞടിക്കുകയും ചെയ്തു, അപ്പോഴേക്കും പടകിൽ വെള്ളം നിറയുവാൻ തുടങ്ങി.

മർക്കൊ. 4:38 അവനോ തലയണമേൽ ഉറങ്ങിക്കൊണ്ട് അമരത്തായിരുന്നു. അവർ അവനെ ഉണർത്തി അവനോട്, ഗുരോ, ഞങ്ങൾ നശിച്ചുപോകുന്നു എന്നതിൽ നിനക്കു കരുതൽ ഇല്ലയോ? എന്നു ചോദിച്ചു.

മർക്കൊ. 4:39 അവൻ ഉണർത്തപ്പെട്ട ശേഷം, കാറ്റിനെ ശാസിച്ചു, കടലിനോട്, നിശ്ശബ്ദമാകുക! അടങ്ങുക! എന്നു പറഞ്ഞു. കാറ്റ് നിലച്ചു, വലിയ ശാന്തത ഉണ്ടായി.

മർക്കൊ. 4:40 അവൻ അവരോട്, നിങ്ങൾ ഇങ്ങനെ ഭീരുക്കൾ ആകുന്നത് എന്തു കൊണ്ട്? നിങ്ങൾക്കു വിശ്വാസം ഇല്ലാത്തത് എങ്ങനെ? എന്നു ചോദിച്ചു.

മർക്കൊ. 4:41 അവരോ അത്യന്തം ഭയപ്പെട്ട്, കാറ്റും കടലും പോലും അവനെ അനുസരിക്കുന്നുവല്ലോ, അപ്പോൾ ഇവൻ ആരാകുന്നു? എന്നു അന്യോന്യം പറഞ്ഞു.

A. പ്രപഞ്ചത്തിൽ രണ്ടു വലിയ തത്ത്വങ്ങളുണ്ട്—ദൈവത്തിന്റെ അധികാരവും സാത്താന്റെ മത്സരവും; ദൈവവും സാത്താനും തമ്മിലുള്ള നിസ്തുലമായ തർക്കം അധികാരത്തെയും മത്സരത്തെയും സംബന്ധിച്ചതാണ്—പ്രവൃ. 26:18; കൊലൊ. 1:12:

പ്രവൃ. 26:18 അവർക്ക് പാപങ്ങളുടെ ക്ഷമയും എന്നിലുള്ള വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്, അവരുടെ കണ്ണുകൾ തുറക്കുവാനും, അവരെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്ന് ദൈവത്തിലേക്കും തിരിക്കുവാനും അയയ്ക്കുന്നു.

കൊലൊ. 1:13 അവൻ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് നമ്മെ വിടുവിച്ച്, തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു,

1. മത്സരം ദൈവത്തിന്റെ അധികാരത്തിന്റെ നിരസനവും ദൈവഭരണത്തിന്റെ തിരസ്കരണവുമാണ്.

   a. ആരംഭത്തിൽ സാത്താൻ ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ഒരു പ്രധാനദൂതനായിരുന്നു, എന്നാൽ അവന്റെ അഹംഭാവം നിമിത്തം അവൻ അവനെത്തന്നെ ഉയർത്തുകയും, ദൈവത്തിന്റെ സർവാധികാരത്തെ ലംഘിക്കുകയും, ദൈവത്തിനെതിനരെ മത്സരിക്കുകയും, ദൈവത്തിന്റെ എതിരാളിയായിത്തീർന്ന് അവന്റെ സ്വന്തം രാജ്യം സ്ഥാപിക്കുകയും ചെയ്തു—യെശ. 14:12-14; യെഹെ. 28:2-19; മത്താ. 12:26.

      യെശ. 14:12 അരുണോദയപുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു!

      യെശ. 14:13 "ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും; ഉത്തരദിക്കിന്റെ അത്യന്തത്തിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും;

      യെശ. 14:14 ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും" എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞതു.

      യെഹെ. 28:2 മനുഷ്യപുത്രാ, നീ സോർപ്രഭുവിനോടു പറയേണ്ടതു: യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: നിന്റെ ഹൃദയം നിഗളിച്ചുപോയി; നീ ദൈവമല്ല, മനുഷ്യൻ മാത്രമായിരിക്കെ: ഞാൻ ദൈവമാകുന്നു; ഞാൻ സമുദ്രമദ്ധ്യേ ദൈവാസനത്തിൽ ഇരിക്കുന്നു എന്നു പറഞ്ഞു.

      യെഹെ. 28:3 നീ ദൈവഭാവം നടിച്ചതുകൊണ്ടു -നീ ദാനീയേലിലും ജ്ഞാനിയല്ലോ; നീ അറിയാതവണ്ണം മറെച്ചുവെക്കാകുന്ന ഒരു രഹസ്യവുമില്ല;

      യെഹെ. 28:4 നിന്റെ ജ്ഞാനംകൊണ്ടും വിവേകംകൊണ്ടും നീ ധനം സമ്പാദിച്ചു പൊന്നും വെള്ളിയും നിന്റെ ഭണ്ഡാരത്തിൽ സംഗ്രഹിച്ചുവെച്ചു;

യെഹെ. 28:5 നീ മഹാ ജ്ഞാനംകൊണ്ടു കച്ചവടത്താൽ ധനം വർദ്ധിപ്പിച്ചു; നിന്റെ ഹൃദയം ധനംനിമിത്തം ഗർവ്വിച്ചുമിരിക്കുന്നു -

യെഹെ. 28:6 അതുകൊണ്ടു തന്നേ യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു:

യെഹെ. 28:7 നീ ദൈവഭാവം നടിക്കയാൽ ഞാൻ ജാതികളിൽ ഉഗ്രന്മാരായ അന്യജാതിക്കാരെ നിന്റെ നേരെ വരുത്തും; അവർ നിന്റെ ജ്ഞാനശോഭയുടെ നേരെ വാളൂരി നിന്റെ പ്രഭയെ അശുദ്ധമാക്കും.

യെഹെ. 28:8 അവർ നിന്നെ കുഴിയിൽ ഇറങ്ങുമാറാക്കും; നീ സമുദ്രമദ്ധ്യേ നിഹതന്മാരെപ്പോലെ മരിക്കും.

യെഹെ. 28:9 നിന്നെ കുത്തിക്കൊല്ലുന്നവന്റെ കയ്യിൽ നീ ദൈവമല്ല, മനുഷ്യൻ മാത്രം ആയിരിക്കെ, നിന്നെ കൊല്ലുന്നവന്റെ മുമ്പിൽ: ഞാൻ ദൈവം എന്നു നീ പറയുമോ?

യെഹെ. 28:10 അന്യജാതിക്കാരുടെ കയ്യാൽ നീ അഗ്രചർമ്മികളെപ്പോലെ മരിക്കും; ഞാൻ അതു കല്പിച്ചിരിക്കുന്നു എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു.

യെഹെ. 28:11 യഹോവയുടെ അരുളപ്പാടു എനിക്കുണ്ടായതെന്തെന്നാൽ:

യെഹെ. 28:12 മനുഷ്യപുത്രാ, നീ സോർരാജാവിനെക്കുറിച്ചു ഒരു വിലാപം തുടങ്ങി അവനോടു പറയേണ്ടതു: യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു! നീ മാതൃകാ മുദ്രയാകുന്നു; നീ ജ്ഞാനസമ്പൂർണ്ണനും സൗന്ദര്യസമ്പൂർണ്ണനും തന്നേ.

യെഹെ. 28:13 നീ ദൈവത്തിന്റെ തോട്ടമായ ഏദെനിൽ ആയിരുന്നു; താമ്രമണി, പീതരത്നം, വജ്രം, പുഷ്പരാഗം, ഗോമേദകം, സൂര്യകാന്തം, നീലക്കല്ലു, മാണിക്യം, മരതകം മുതലായ സകലരത്നങ്ങളും നിന്നെ മൂടിയിരുന്നു; നിന്നെ തീർത്തനാളിൽ നിന്നിൽ ഉള്ള തടങ്ങളുടെയും കൂടുകളുടെയും പണി പൊന്നുകൊണ്ടുള്ളതായിരുന്നു.

യെഹെ. 28:14 നീ ചിറകു വിടർത്തു മറെക്കുന്ന കെരൂബ് ആകുന്നു; ഞാൻ നിന്നെ വിശുദ്ധദേവപർവ്വതത്തിൽ ഇരുത്തിയിരുന്നു; നീ അഗ്നിമയരഥങ്ങളുടെ മദ്ധ്യേ സഞ്ചരിച്ചുപോന്നു.

യെഹെ. 28:15 നിന്നെ സൃഷ്ടിച്ച നാൾമുതൽ നിങ്കൽ നീതികേടു കണ്ടതുവരെ നീ നടപ്പിൽ നഷ്കളങ്കനായിരുന്നു.

യെഹെ. 28:16 നിന്റെ വ്യാപാരത്തിന്റെ പെരുപ്പംനിമിത്തം നിന്റെ അന്തർഭാഗം സാഹസംകൊണ്ടു നിറഞ്ഞു നീ പാപം ചെയ്തു; അതുകൊണ്ടു ഞാൻ നിന്നെ അശുദ്ധൻ എന്നു എണ്ണി ദേവപർവ്വതത്തിൽനിന്നു തള്ളിക്കളഞ്ഞു; മറെക്കുന്ന കെരൂബേ, ഞാൻ നിന്നെ അഗ്നിമയരഥങ്ങളുടെ മദ്ധ്യേനിന്നു

മുടിച്ചുകളഞ്ഞു.

യെഹെ. 28:17 നിന്റെ സൗന്ദര്യംനിമിത്തം നിന്റെ ഹൃദയം ഗർവ്വിച്ചു, നിന്റെ പ്രഭനിമിത്തം നീ നിന്റെ ജ്ഞാനത്തെ വഷളാക്കി; ഞാൻ നിന്നെ നിലത്തു തള്ളിയിട്ടു, രാജാക്കന്മാർ നിന്നെ കണ്ടു രസിക്കത്തക്കവണ്ണം നിന്നെ അവരുടെ മുമ്പിൽ ഇട്ടുകളഞ്ഞു.

യെഹെ. 28:18 നിന്റെ അകൃത്യബാഹുല്യംകൊണ്ടും നിന്റെ വ്യാപാരത്തിന്റെ നീതികേടുകൊണ്ടും നീ നിന്റെ വിശുദ്ധമന്ദിരങ്ങളെ അശുദ്ധമാക്കി; അതുകൊണ്ടു ഞാൻ നിന്റെ നടുവിൽനിന്നു ഒരു തീ പുറപ്പെടുവിക്കും; അതു നിന്നെ ദഹിപ്പിച്ചുകളയും; നിന്നെ കാണുന്ന ഏവരുടെയും മുമ്പിൽ ഞാൻ നിന്നെ നിലത്തു ഭസ്മമാക്കിക്കളയും.

യെഹെ. 28:19 ജാതികളിൽ നിന്നെ അറിയുന്നവരെല്ലാവരും നിന്നെ കണ്ടു സ്തംഭിച്ചുപോകും; നിനക്കു ശീഘ്രനാശം ഭവിച്ചിട്ടു നീ സദാകാലത്തേക്കും ഇല്ലാതെയാകും.

മത്താ. 12:26 സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ അവനെതിരായിത്തന്നെ അവൻ ഭിന്നിച്ചിരിക്കുന്നു; പിന്നെ എങ്ങനെ അവന്റെ രാജ്യം നിൽക്കും?

b. മനഷ്യൻ പാപം ചെയ്തപ്പോൾ അവൻ ദൈവത്തിനെതിരെ മത്സരിക്കുകയും, ദൈവത്തിന്റെ അധികാരത്തെ നിരസിക്കുകയും, ദൈവത്തിന്റെ ഭരണത്തെ തിരസ്കരിക്കുകയും ചെയ്തു; ഭൂമിയിൽനിന്നും ദൈവത്തിന്റെ അധികാരത്തെ നീക്കിക്കളയുവാൻ ബാബേലിൽവച്ച് മനുഷ്യർ കൂട്ടായി ദൈവത്തിനെതിരെ മത്സരിച്ചു—ഉല്പ. 3:1-6; 11:1-9.

ഉല്പ. 3:1 യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളെക്കാളും പാമ്പു കൌശലമേറിയതായിരുന്നു. അതു സ്ത്രീയോടു: തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു.

ഉല്പ. 3:2 സ്ത്രീ പാമ്പിനോടു: തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്കു തിന്നാം;

ഉല്പ. 3:3 എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിന്നു തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുതു, തൊടുകയും അരുതു എന്നു ദൈവം കല്പിച്ചിട്ടുണ്ടു എന്നു പറഞ്ഞു.

ഉല്പ. 3:4 പാമ്പു സ്ത്രീയോടു: നിങ്ങൾ മരിക്കയില്ല നിശ്ചയം;

ഉല്പ. 3:5 അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകയും ചെയ്യും എന്നു ദൈവം അറിയുന്നു എന്നു പറഞ്ഞു.

ഉല്പ. 3:6 ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു ഭർത്താവിന്നും കൊടുത്തു; അവനും തിന്നു.

ഉല്പ. 11:1 ഭൂമിയിൽ ഒക്കെയും ഒരേ ഭാഷയും ഒരേ വാക്കും ആയിരുന്നു.

ഉല്പ. 11:2 എന്നാൽ അവർ കിഴക്കോട്ടു യാത്ര ചെയ്തു, ശിനാർദേശത്തു ഒരു സമഭൂമി കണ്ടു അവിടെ കുടിയിരുന്നു.

ഉല്പ. 11:3 അവർ തമ്മിൽ: വരുവിൻ, നാം ഇഷ്ടക അറുത്തു ചുടുക എന്നു പറഞ്ഞു. അങ്ങനെ അവർ ഇഷ്ടക കല്ലായും പശമണ്ണു കുമ്മായമായും ഉപയോഗിച്ചു.

ഉല്പ. 11:4 വരുവിൻ, നാം ഭൂതലത്തിൽ ഒക്കെയും ചിതറിപ്പോകാതിരിപ്പാൻ ഒരു പട്ടണവും ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിക; നമുക്കു ഒരു പേരുമുണ്ടാക്കുക എന്നു അവർ പറഞ്ഞു.

ഉല്പ. 11:5 മനുഷ്യർ പണിത പട്ടണവും ഗോപുരവും കാണേണ്ടതിന്നു യഹോവ ഇറങ്ങിവന്നു.

ഉല്പ. 11:6 അപ്പോൾ യഹോവ: ഇതാ, ജനം ഒന്നു, അവർക്കെല്ലാവർക്കും ഭാഷയും ഒന്നു; ഇതും അവർ ചെയ്തു തുടങ്ങുന്നു; അവർ ചെയ്‌വാൻ നിരൂപിക്കുന്നതൊന്നും അവർക്കു അസാദ്ധ്യമാകയില്ല.

ഉല്പ. 11:7 വരുവിൻ; നാം ഇറങ്ങിച്ചെന്നു, അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കിക്കളക എന്നു അരുളിച്ചെയ്തു.

ഉല്പ. 11:8 അങ്ങനെ യഹോവ അവരെ അവിടെനിന്നു ഭൂതലത്തിലെങ്ങും ചിന്നിച്ചു; അവർ പട്ടണം പണിയുന്നതു വിട്ടുകളഞ്ഞു.

ഉല്പ. 11:9 സർവ്വഭൂമിയിലെയും ഭാഷ യഹോവ അവിടെവെച്ചു കലക്കിക്കളകയാൽ അതിന്നു ബാബേൽ എന്നു പേരായി; യഹോവ അവരെ അവിടെനിന്നു ഭൂതലത്തിൽ എങ്ങും ചിന്നിച്ചുകളഞ്ഞു.

2. ദൈവത്തിന്റെ അധികാരത്തിനെതിരെ സാത്താൻ മത്സരിക്കുകയും, ദൈവത്തിനെതിരെ മത്സരിച്ചുകൊണ്ട് അവന്റെ അധികാരത്തെ മനുഷ്യൻ ലംഘിക്കുകയും ചെയ്തുവെങ്കിലും, ഈ മത്സരം തുടർന്നുകൊണ്ടു പോകുവാൻ ദൈവം അനുവദിക്കുകയില്ല; ദൈവം അവന്റെ രാജ്യം ഭൂമിയിൽ സ്ഥാപിക്കും—വെളി. 11:15.

വെളി. 11:15 പിന്നെ ഏഴാമത്തെ ദൂതൻ കാഹളം ഊതി; അപ്പോൾ, ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും എന്നു പറയുന്ന മഹാഘോഷം സ്വർഗത്തിൽ ഉണ്ടായി.

B. ദൈവത്തിന്റെ നിത്യോദ്ദേശ്യം നിറവേറ്റുന്നതിനുവേണ്ടി ദൈവരാജ്യം സ്ഥാപിക്കുവാൻ കർത്താവായ യേശു വന്നു—മർക്കൊ. 1:14-15:

മർക്കൊ. 1:14 യോഹന്നാൻ തടവിലാക്കപ്പെട്ട ശേഷം, യേശു ദൈവത്തിന്റെ സുവിശേഷം പ്രഖ്യാപിച്ചുകൊണ്ട് ഗലീലയിലേക്കു വന്നു,

മർക്കൊ. 1:15 പറഞ്ഞത്, കാലം നിവൃത്തിയായി, ദൈവരാജ്യം സമീപിച്ചുമിരിക്കുന്നു. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ.

1. ദൈവത്തിന് തന്റെ പദ്ധതി നടപ്പിലാക്കുന്നതിന് തന്റെ അധികാരം പ്രയോഗിക്കുവാൻ കഴിയുന്ന ഒരു ദിവ്യമണ്ഡലമാണ് ദൈവരാജ്യം—മത്താ. 6:10, 33; ലൂക്കൊ. 12:32; കൊലൊ. 1:13.

   മത്താ. 6:10 നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ.

   മത്താ. 6:33 എന്നാൽ ആദ്യം അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവിൻ, ഇവയെല്ലാം നിങ്ങൾക്കു കൂട്ടിച്ചേർക്കപ്പെടും.

   ലൂക്കൊ. 12:32 ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടേണ്ട, എന്തുകൊണ്ടെന്നാൽ നിങ്ങളുടെ പിതാവ് രാജ്യം നിങ്ങൾക്കു നൽകുവാൻ പ്രസാദിച്ചിരിക്കുന്നു.

   കൊലൊ. 1:13 അവൻ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് നമ്മെ വിടുവിച്ച്, തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു,

2. ദൈവരാജ്യം സ്ഥാപിക്കുവാൻ—തന്റെ അധികാരം പ്രയോഗിക്കുന്നതിലൂടെ തന്റെ ഉദ്ദേശ്യം നിർവഹിക്കുവാൻ ദൈവത്തിനു കഴിയുന്ന ഒരു മണ്ഡലം സ്ഥാപിക്കുവാൻ—ജഡാവതാരം ചെയ്ത ദൈവമെന്ന നിലയിൽ കർത്താവായ യേശു വന്നു—യോഹ. 1:1, 14; 3:3, 5; 18:36:

   യോഹ. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

   യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

   യോഹ. 3:3 യേശു അവനോട്, സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, ഒരുവൻ പുതുതായി ജനിച്ചില്ല എങ്കിൽ, അവന് ദൈവരാജ്യം കാണുവാൻ കഴിയുകയില്ല എന്ന് ഉത്തരം പറഞ്ഞു.

   യോഹ. 3:5 യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല.

   യോഹ. 18:36 യേശുവോ, എന്റെ രാജ്യം ഈ ലോകത്തിൽ നിന്നല്ല. എന്റെ രാജ്യം ഈ ലോകത്തിൽനിന്ന് ആയിരുന്നെങ്കിൽ, ഞാൻ യെഹൂദന്മാർക്ക് ഏൽപ്പിക്കപ്പെടാതിരിക്കേണ്ടതിന് എന്റെ പരിചാരകന്മാർ പോരാടുമായിരുന്നു; എന്നാൽ അങ്ങനെതന്നെ, എന്റെ രാജ്യം ഇവിടെനിന്നല്ല എന്ന് ഉത്തരം പറഞ്ഞു.

   a. ദൈവരാജ്യം സ്ഥാപിക്കുവാൻ സാത്താനെ പരാജയപ്പെടുത്തുകയും സകല കഷ്ടപ്പാടും, എതിർപ്പും, ആക്രമണവും അതിജീവിക്കുകയും ചെയ്തുകൊണ്ട് കർത്താവായ യേശു ജയശാലിയായ ഒരു മനുഷ്യനായി നിന്നു—മർക്കൊ. 1:13; മത്താ. 4:11.

      മർക്കൊ. 1:13 സാത്താനാൽ പരീക്ഷിക്കപ്പെട്ടുകൊണ്ട് അവൻ നാൽപതു ദിവസം മരുഭൂമിയിലായിരുന്നു; അവൻ വന്യമൃഗങ്ങളോടൊപ്പം ആയിരുന്നു, ദൂതന്മാർ അവനെ ശുശ്രൂഷിച്ചു.

      മത്താ. 4:1 അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശു ആത്മാവിനാൽ മരുഭൂമിയിലേക്കു നയിക്കപ്പെട്ടു.

      മത്താ. 4:2 നാൽപതു പകലും നാൽപതു രാവും ഉപവസിച്ച ശേഷം, പിന്നീട് അവനു വിശന്നു.

      മത്താ. 4:3 പരീക്ഷകൻ വന്ന് അവനോട്, നീ ദൈവപുത്രനാകുന്നു

എങ്കിൽ ഈ കല്ലുകൾ അപ്പമായിത്തീരേണ്ടതിനു പറയുക എന്നു പറഞ്ഞു.

മത്താ. 4:4 എന്നാൽ അവൻ, "മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല, ദൈവത്തിന്റെ വായിലൂടെ പുറപ്പെടുന്ന സകല വചനം കൊണ്ടും ജീവിക്കും" എന്ന് എഴുതിയിരിക്കുന്നു എന്ന് ഉത്തരം പറഞ്ഞു.

മത്താ. 4:5 പിന്നെ പിശാച് അവനെ വിശുദ്ധനഗരത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ നിർത്തി,

മത്താ. 4:6 അവനോട്, നീ ദൈവപുത്രനാകുന്നു എങ്കിൽ നിന്നെത്തന്നെ താഴേക്ക് ഇടുക; എന്തെന്നാൽ "നിന്നെക്കുറിച്ച് അവൻ തന്റെ ദൂതന്മാരോടു കൽപ്പിക്കും, നിന്റെ കാൽ കല്ലിൽ തട്ടാതിരിക്കേണ്ടതിന് അവർ തങ്ങളുടെ കൈകളിന്മേൽ നിന്നെ വഹിക്കും" എന്ന് എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു.

മത്താ. 4:7 യേശു അവനോട്, "നിന്റെ ദൈവമായ കർത്താവിനെ നീ പരീക്ഷിക്കരുത്" എന്നു പിന്നെയും എഴുതിയിരിക്കുന്നു എന്നു പറഞ്ഞു.

മത്താ. 4:8 വീണ്ടും, പിശാച് അവനെ വളരെ ഉയർന്നോരു മലയിലേക്കു കൂട്ടിക്കൊണ്ടുപോയി ലോകത്തിലെ സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും അവനു കാണിച്ചുകൊടുത്തു.

മത്താ. 4:9 അവൻ അവനോട്, നീ വീണ് എന്നെ ആരാധിച്ചാൽ ഇവയെല്ലാം ഞാൻ നിനക്കു നൽകാം എന്നു പറഞ്ഞു.

മത്താ. 4:10 അപ്പോൾ യേശു അവനോട്, കടന്നുപോ സാത്താനേ! എന്തെന്നാൽ "നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കുകയും അവനെ മാത്രം നീ സേവിക്കുകയും ചെയ്യും" എന്ന് എഴുതിയിരിക്കുന്നു എന്നു പറഞ്ഞു.

മത്താ. 4:11 അപ്പോൾ പിശാച് അവനെ വിട്ടുപോയി, ഇതാ, ദൂതന്മാർ വന്ന് അവനെ ശുശ്രൂഷിച്ചു.

b. മത്സരികളായ പാപികൾ അനുതപിച്ച് രക്ഷിക്കപ്പെടുകയും, ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുവാൻ യോഗ്യരാക്കപ്പെടുകയും സജ്ജരാക്കപ്പെടുകയും ചെയ്യത്തക്കവണ്ണം കർത്താവായ യേശു രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു—മർക്കൊ. 1:14-15; മത്താ. 4:17.

മർക്കൊ. 1:14 യോഹന്നാൻ തടവിലാക്കപ്പെട്ട ശേഷം, യേശു ദൈവത്തിന്റെ സുവിശേഷം പ്രഖ്യാപിച്ചുകൊണ്ട് ഗലീലയിലേക്കു വന്നു,

മർക്കൊ. 1:15 പറഞ്ഞത്, കാലം നിവൃത്തിയായി, ദൈവരാജ്യം സമീപിച്ചുമിരിക്കുന്നു. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ.

മത്താ. 4:17 ആ സമയം മുതൽ യേശു, മാനസാന്തരപ്പെടുവിൻ, എന്തെന്നാൽ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രഖ്യാപിക്കുവാനും പറയുവാനും തുടങ്ങി.

c. ദൈവരാജ്യത്തിനുവേണ്ടി വീണ്ടുംജനനത്തിലൂടെ പാപികളെ ദൈവഭവനത്തിലേക്ക് കൊണ്ടുവരേണ്ടതിന്, കർത്താവായ യേശു ബലവാനായ സാത്താനെ ബന്ധിക്കുകയും, അവന്റെ വസ്തുവകകൾ

കൊള്ളയടിക്കേണ്ടതിന് അവന്റെ ഭവനത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു—മർക്കൊ. 3:27; എഫെ. 2:19.

മർക്കൊ. 3:27 എന്നാൽ ആദ്യം ബലവാനായ മനുഷ്യനെ ബന്ധിക്കാഞ്ഞാൽ ആർക്കും അവന്റെ ഭവനത്തിലേക്കു പ്രവേശിച്ച്, അവന്റെ സാധനങ്ങൾ സമ്പൂർണമായി കൊള്ളയടിക്കുവാൻ കഴിയില്ല, ബന്ധിച്ച ശേഷമോ അവന്റെ ഭവനത്തെ അവൻ സമ്പൂർണമായി കൊള്ളയടിക്കും.

എഫെ. 2:19 അതിനാൽ നിങ്ങൾ ഇനി അന്യരും പരദേശികളും അല്ല, വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനത്തിലെ അംഗങ്ങളും ആകുന്നു.

d. ദൈവാത്മാവിനാൽ കർത്താവ് ഭൂതങ്ങളെ പുറത്താക്കുമ്പോൾ, അവൻ സാത്താന്റെ രാജ്യത്തെ നശിപ്പിക്കുകയും ദൈവരാജ്യത്തെ കൊണ്ടുവരുകയുമായിരുന്നു—മത്താ. 12:28.

മത്താ. 12:28 എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ വന്നിരിക്കുന്നു.

C. മർക്കൊസ് 4:35-41-ലെ രേഖ മത്സരത്തിന്റെയും, മത്സരത്തെ കീഴ്പ്പെടുത്തുന്ന ശക്തിയെന്ന നിലയിൽ ദൈവരാജ്യത്തിന്റെയും ഒരു ചിത്രമാണ്:

മർക്കൊ. 4:35 ആ ദിവസം വൈകുന്നേരം ആയപ്പോൾ അവൻ അവരോട്, നമുക്ക് അക്കരെയ്ക്കു പോകാം എന്നു പറഞ്ഞു.

മർക്കൊ. 4:36 പുരുഷാരത്തെ വിട്ട്, അവൻ ഇരുന്നപാടെ, അവർ അവനെ പടകിൽ കൂട്ടിക്കൊണ്ടുപോയി; മറ്റു പടകുകളും അവനോടുകൂടെ ഉണ്ടായിരുന്നു.

മർക്കൊ. 4:37 വലിയ ഒരു കൊടുങ്കാറ്റ് ഉണ്ടാകുകയും, തിരകൾ പടകിലേക്ക് ആഞ്ഞടിക്കുകയും ചെയ്തു, അപ്പോഴേക്കും പടകിൽ വെള്ളം നിറയുവാൻ തുടങ്ങി.

മർക്കൊ. 4:38 അവനോ തലയണമേൽ ഉറങ്ങിക്കൊണ്ട് അമരത്തായിരുന്നു. അവർ അവനെ ഉണർത്തി അവനോട്, ഗുരോ, ഞങ്ങൾ നശിച്ചുപോകുന്നു എന്നതിൽ നിനക്കു കരുതൽ ഇല്ലയോ? എന്നു ചോദിച്ചു.

മർക്കൊ. 4:39 അവൻ ഉണർത്തപ്പെട്ട ശേഷം, കാറ്റിനെ ശാസിച്ചു, കടലിനോട്, നിശ്ശബ്ദമാകുക! അടങ്ങുക! എന്നു പറഞ്ഞു. കാറ്റ് നിലച്ചു, വലിയ ശാന്തത ഉണ്ടായി.

മർക്കൊ. 4:40 അവൻ അവരോട്, നിങ്ങൾ ഇങ്ങനെ ഭീരുക്കൾ ആകുന്നത് എന്തു കൊണ്ട്? നിങ്ങൾക്കു വിശ്വാസം ഇല്ലാത്തത് എങ്ങനെ? എന്നു ചോദിച്ചു.

മർക്കൊ. 4:41 അവരോ അത്യന്തം ഭയപ്പെട്ട്, കാറ്റും കടലും പോലും അവനെ അനുസരിക്കുന്നുവല്ലോ, അപ്പോൾ ഇവൻ ആരാകുന്നു? എന്നു അന്യോന്യം പറഞ്ഞു.

1. സാത്താന് ഒരു രാജ്യം, ഇരുട്ടിന്റെ അധികാരം, ഉണ്ട്; അത് ദൈവരാജ്യത്തിന് എതിരാണ്—മത്താ. 12:26; പ്രവൃ. 26:18:

മത്താ. 12:26 സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ അവനെതിരായിത്തന്നെ അവൻ ഭിന്നിച്ചിരിക്കുന്നു; പിന്നെ

എങ്ങനെ അവന്റെ രാജ്യം നിൽക്കും?

പ്രവൃ. 26:18 അവർക്ക് പാപങ്ങളുടെ ക്ഷമയും എന്നിലുള്ള വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്, അവരുടെ കണ്ണുകൾ തുറക്കുവാനും, അവരെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്ന് ദൈവത്തിലേക്കും തിരിക്കുവാനും അയയ്ക്കുന്നു.

a. ഭൂതങ്ങൾ സാത്താന്റെ രാജ്യത്തിനുള്ളവരും അവന്റെ രാജ്യത്തിനുവേണ്ടി ജനത്തെ കൈവശപ്പെടുത്തുന്നവരുമാണ്—മർക്കൊ. 1:23-27; 5:2-20; 7:25-30; 9:17-27; 16:9.

മർക്കൊ. 1:23 ഉടനെ, അവരുടെ സിനഗോഗിൽ അശുദ്ധാത്മാവോടുകൂടിയ ഒരു മനുഷ്യനുണ്ടായിരുന്നു, അവൻ നിലവിളിച്ചു പറഞ്ഞത്,

മർക്കൊ. 1:24 നസറായനായ യേശുവേ, ഞങ്ങൾക്കു നീയുമായി എന്തു കാര്യം? ഞങ്ങളെ നശിപ്പിക്കുവാനാണോ നീ വന്നത്? നീ ആരാകുന്നു എന്ന് എനിക്കറിയാം–ദൈവത്തിന്റെ പരിശുദ്ധൻ തന്നെ.

മർക്കൊ. 1:25 യേശുവോ, മിണ്ടരുത്, അവനിൽ നിന്ന് പുറത്തുവരുക! എന്നു പറഞ്ഞുകൊണ്ട് അവനെ ശാസിച്ചു.

മർക്കൊ. 1:26 അശുദ്ധാത്മാവ് അവന് ചുഴലി വരുത്തി ഉച്ചത്തിൽ നിലവിളിച്ച് അവനിൽനിന്നു പുറത്തുവന്നു.

മർക്കൊ. 1:27 അവർ എല്ലാവരും അമ്പരന്ന്, ഇത് എന്താകുന്നു? ഒരു പുതിയ ഉപദേശമോ! അവൻ അധികാരത്തോടെ അശുദ്ധാത്മാക്കളോടു പോലും ആജ്ഞാപിക്കുകയും അവ അവനെ അനുസരിക്കുകയും ചെയ്യുന്നു എന്ന് തങ്ങളുടെ ഇടയിൽ സംവാദിച്ചു.

മർക്കൊ. 5:2 അവൻ പടകിൽനിന്ന് ഇറങ്ങിവന്നപ്പോൾ, ഉടനെ, കല്ലറകളിൽനിന്ന്, അശുദ്ധാത്മാവോടുകൂടിയ ഒരു മനുഷ്യൻ അവനെ കണ്ടുമുട്ടി,

മർക്കൊ. 5:3 അവനു കല്ലറകളുടെ ഇടയിൽ തന്റെ നിവാസം ഉണ്ടായിരുന്നു. ആർക്കും അവനെ ഒരു ചങ്ങല കൊണ്ടുപോലും ബന്ധിക്കുവാൻ കഴിഞ്ഞില്ല,

മർക്കൊ. 5:4 എന്തുകൊണ്ടെന്നാൽ അവൻ പലപ്പോഴും വിലങ്ങുകളും ചങ്ങലകളും കൊണ്ടു ബന്ധിക്കപ്പെടുകയും, ചങ്ങലകൾ മുറിക്കുകയും, വിലങ്ങുകൾ തകർക്കുകയും ചെയ്തു, അവനെ കീഴ്പ്പെടുത്തുവാൻ തക്കവണ്ണം ആരും ശക്തനല്ലായിരുന്നു.

മർക്കൊ. 5:5 രാത്രിയും പകലും ഉടനീളം, കല്ലറകളുടെ ഇടയിലും പർവ്വതങ്ങളിലും, അവൻ നിലവിളിക്കുകയും കല്ലുകൾകൊണ്ട് അവനെത്തന്നെ മുറിവേൽപ്പിക്കുകയും ചെയ്തിരുന്നു.

മർക്കൊ. 5:6 അവൻ യേശുവിനെ ദൂരെനിന്നു കണ്ടപ്പോൾ ഓടി

അവനെ ആരാധിച്ച്,

മർക്കൊ. 5:7 ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട്, യേശുവേ, അത്യുന്നതനായ ദൈവത്തിന്റെ പുത്രാ, എനിക്കു നീയുമായി എന്തു കാര്യം? ഞാൻ ദൈവത്തെക്കൊണ്ട് നിന്നോടു കേണപേക്ഷിക്കുന്നു, എന്നെ ദണ്ഡിപ്പിക്കരുതേ! എന്ന് അവൻ പറഞ്ഞു.

മർക്കൊ. 5:8 എന്തെന്നാൽ അവൻ അവനോട്, അശുദ്ധാത്മാവേ, ആ മനുഷ്യനിൽ നിന്നു പുറത്തുവരുക എന്നു പറഞ്ഞിരുന്നു.

മർക്കൊ. 5:9 അവൻ അവനോട്, നിന്റെ പേര് എന്ത്? എന്നു ചോദിച്ചു. എന്റെ പേർ ലെഗ്യോൻ, കാരണം ഞങ്ങൾ അനേകരാകുന്നു എന്ന് അവൻ പറഞ്ഞു.

മർക്കൊ. 5:10 ആ ദേശത്തുനിന്നു തങ്ങളെ പുറത്ത് അയയ്ക്കരുതെന്ന് അവൻ അവനോടു വളരെ അഭ്യർഥിച്ചു.

മർക്കൊ. 5:11 അവിടെ മലഞ്ചരിവിലാകട്ടെ, വലിയൊരു പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു.

മർക്കൊ. 5:12 അവയിലേക്കു പ്രവേശിക്കേണ്ടതിനു, ഞങ്ങളെ പന്നികളിലേക്ക് അയയ്ക്കേണം എന്ന് അവർ അവനോട് അഭ്യർഥിച്ചു.

മർക്കൊ. 5:13 അവൻ അവർക്ക് അനുവാദം കൊടുത്തു. അശുദ്ധാത്മാക്കൾ പുറത്തുവന്നു പന്നികളിലേക്കു പ്രവേശിച്ച്, ഏകദേശം രണ്ടായിരമുള്ള പന്നിക്കൂട്ടം, കുത്തനെയുള്ള ചരിവിലൂടെ താഴെ കടലിലേക്കു പാഞ്ഞുപോയി, കടലിൽ മുങ്ങിച്ചത്തു.

മർക്കൊ. 5:14 അവയെ മേയ്ച്ചുകൊണ്ടിരുന്നവർ ഓടിപ്പോയി പട്ടണത്തിലും ഗ്രാമപ്രദേശത്തിലും വിവരമറിയിച്ചു. നടന്നത് എന്തെന്നു കാണുവാൻ അവർ വന്നു.

മർക്കൊ. 5:15 അവർ യേശുവിന്റെ അടുക്കൽ വന്നു, ഭൂതഗ്രസ്തനായ, ലെഗ്യോൻ ഉണ്ടായിരുന്ന മനുഷ്യൻ, വസ്ത്രം ധരിച്ച് സുബോധമുള്ളവനുമായി ഇരിക്കുന്നതു കണ്ട്, ഭയപ്പെട്ടു.

മർക്കൊ. 5:16 കണ്ടവർ, ഭൂതഗ്രസ്തന് ഇത് എങ്ങനെ സംഭവിച്ചു എന്നും പന്നികളെക്കുറിച്ചും അവരോടു വിവരിച്ചു.

മർക്കൊ. 5:17 തങ്ങളുടെ അതിരുകളിൽ നിന്നു പിൻവാങ്ങുവാൻ തക്കവണ്ണം അവർ അവനോട് അപേക്ഷിക്കുവാൻ തുടങ്ങി.

മർക്കൊ. 5:18 അവൻ പടകിൽ കയറുമ്പോൾ, ഭൂതഗ്രസ്തനായിരുന്ന മനുഷ്യൻ യേശുവിനോടുകൂടെ ആയിരിക്കേണ്ടതിന് അവനോടു യാചിച്ചു.

മർക്കൊ. 5:19 യേശുവോ അവനെ അനുവദിച്ചില്ല, എന്നാൽ അവനോട്, നിന്റെ ഭവനത്തിലേക്ക്, നിന്റെ സ്വന്തം ജനത്തിന്റെ അടുക്കലേക്ക് പോകുക, കർത്താവ് എന്തു വൻകാര്യങ്ങളെ നിനക്കു ചെയ്തിരിക്കുന്നു എന്നും എങ്ങനെ അവനു നിന്റെമേൽ കരുണയുണ്ടായി എന്നും അവരോട്

അറിയിക്കുക എന്നു പറഞ്ഞു.

മർക്കൊ. 5:20 അവൻ പോയി ദെക്കപ്പൊലിയിൽ യേശു എന്തു വൻകാര്യങ്ങളെ തനിക്കു ചെയ്തു എന്ന് പ്രഖ്യാപിക്കുവാൻ തുടങ്ങി, അങ്ങനെ എല്ലാവരും ആശ്ചര്യപ്പെട്ടു.

മർക്കൊ. 7:25 എന്നാൽ തന്റെ കുഞ്ഞുമകൾക്ക് അശുദ്ധാത്മാവുണ്ടായിരുന്ന ഒരു സ്ത്രീ അവനെക്കുറിച്ചു കേട്ടിട്ട്, ഉടനെ വന്ന് അവന്റെ കാൽക്കൽ വീണു.

മർക്കൊ. 7:26 അവൾ സുറഫൊയ്നീക്യ വംശക്കാരിയായ, ഒരു യവന സ്ത്രീ ആയിരുന്നു. അവൾ അവനോട്, തന്റെ മകളിൽനിന്ന് ഭൂതത്തെ പുറത്താക്കുവാൻ അപേക്ഷിച്ചു.

മർക്കൊ. 7:27 അവൻ അവളോട്, ആദ്യം മക്കൾ സംതൃപ്തരാകട്ടെ, മക്കളുടെ അപ്പം എടുത്തു ചെറുനായ്ക്കൾക്ക് എറിയുന്നതു നല്ലതല്ല എന്നു പറഞ്ഞു.

മർക്കൊ. 7:28 അവൾ അവനോട്, അതേ കർത്താവേ, എന്നാൽ മേശയുടെ കീഴിലുള്ള ചെറുനായ്ക്കൾപോലും മക്കളുടെ അപ്പനുറുക്കുകളിൽനിന്ന് ഭക്ഷിക്കുന്നുവല്ലോ എന്ന് ഉത്തരം പറഞ്ഞു.

മർക്കൊ. 7:29 അവൻ അവളോട്, ഈ വാക്കുനിമിത്തം നീ പോകുക. ഭൂതം നിന്റെ മകളിൽനിന്നു പുറത്തുപോയിരിക്കുന്നു എന്നു പറഞ്ഞു.

മർക്കൊ. 7:30 തന്റെ വീട്ടിലേക്ക് അവൾ മടങ്ങിച്ചെന്ന്, പൈതൽ കിടക്കമേൽ കിടക്കുന്നതായും ഭൂതം പുറത്തുപോയതായും കണ്ടെത്തി.

മർക്കൊ. 9:17 പുരുഷാരത്തിൽനിന്ന് ഒരാൾ അവനോട് ഉത്തരം പറഞ്ഞു, ഗുരോ, ഊമയായ ആത്മാവുള്ള എന്റെ മകനെ ഞാൻ നിന്റെ അടുക്കൽ കൊണ്ടുവന്നു;

മർക്കൊ. 9:18 അത് എവിടെവച്ച് അവനെ പിടികൂടിയാലും, അവനെ താഴേക്കു തള്ളിയിടുന്നു, അവൻ വായിൽ നുരയ്ക്കുകയും പല്ലുകൾ കടിക്കുകയും ചെയ്യുന്നു, അവൻ ഉണങ്ങി ഇല്ലാതാകുന്നു. അതിനെ പുറത്താക്കുവാൻ ഞാൻ നിന്റെ ശിഷ്യന്മാരോടു പറഞ്ഞു, അവർക്കു കഴിഞ്ഞതുമില്ല.

മർക്കൊ. 9:19 അവൻ ഉത്തരം നൽകി അവരോട്, ഹാ അവിശ്വാസമുള്ള തലമുറയേ! എത്ര നാൾ ഞാൻ നിങ്ങളോടു കൂടെ ആയിരിക്കും? എത്ര നാൾ ഞാൻ നിങ്ങളെ സഹിക്കും? അവനെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ എന്നു പറഞ്ഞു.

മർക്കൊ. 9:20 അവർ അവനെ അവന്റെ അടുക്കൽ കൊണ്ടുവന്നു. അവനെ കണ്ടതും, ആ ആത്മാവ് ഉടനെ അവന് അതിയായി ചുഴലി വരുത്തി, അവൻ നിലത്തു വീണ്, വായിൽ നുരച്ചുംകൊണ്ട് ഉരുണ്ടു.

മർക്കൊ. 9:21 എത്ര നാളായി ഇവനിതു സംഭവിക്കുന്നു? എന്ന് അവന്റെ

പിതാവിനോട് അവൻ ചോദിച്ചു. അവൻ പറഞ്ഞു, ബാല്യം മുതൽ,

മർക്കൊ. 9:22 അവനെ നശിപ്പിക്കുവാൻ അത് അവനെ പലപ്പോഴും തീയിലേക്കും വെള്ളത്തിലേക്കും എറിഞ്ഞിട്ടുണ്ട്. എന്നാൽ നിനക്ക് എന്തെങ്കിലും ചെയ്യുവാൻ കഴിയുമെങ്കിൽ ഞങ്ങളുടെമേൽ മനസ്സലിവു തോന്നി ഞങ്ങളെ സഹായിക്കേണം.

മർക്കൊ. 9:23 യേശു അവനോട്, നിനക്കു കഴിയുമെങ്കിൽ എന്നു നീ പറയുന്നു. വിശ്വസിക്കുന്നവനു സകലവും സാധ്യമാകുന്നു എന്നു പറഞ്ഞു.

മർക്കൊ. 9:24 ഉടനെ ആ ബാലന്റെ പിതാവ് നിലവിളിച്ചുകൊണ്ട്, ഞാൻ വിശ്വസിക്കുന്നു, എന്റെ അവിശ്വാസത്തെ സഹായിക്കേണമേ! എന്നു പറഞ്ഞു.

മർക്കൊ. 9:25 യേശുവോ, പുരുഷാരം അവരുടെ അടുക്കലേക്കു ഒന്നിച്ചു ഓടിവരുന്നു എന്നു കണ്ടിട്ട്, അതിനോട്, ഊമനും ചെകിടനുമായ ആത്മാവേ, ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു, അവനിൽനിന്ന് ഇറങ്ങിവരുക; ഇനിമേൽ അവനിലേക്കു പ്രവേശിക്കരുത് എന്ന് അശുദ്ധാത്മാവിനെ ശാസിച്ചു.

മർക്കൊ. 9:26 പിന്നെ നിലവിളിച്ച് അവനു ഭയങ്കരമായി ചുഴലി വരുത്തിയ ശേഷം, അതു പുറത്തുവന്നു. അവൻ മരിച്ചവനെപ്പോലെയായിത്തീർന്നു, അതിനാൽ അനേകർ അവൻ മരിച്ചു എന്നു പറഞ്ഞു.

മർക്കൊ. 9:27 എന്നാൽ യേശു അവന്റെ കൈക്കു പിടിച്ചു എഴുന്നേൽപ്പിച്ചു, അവൻ നിവർന്നുനിന്നു.

മർക്കൊ. 16:9 ആഴ്ച്ചയുടെ ഒന്നാം ദിവസം, അവൻ പുലർച്ചെ ഉയിർത്തെഴുന്നേറ്റ ശേഷം, അവൻ തന്നിൽനിന്ന് ഏഴു ഭൂതങ്ങളെ പുറത്താക്കിയിരുന്ന മഗ്ദലക്കാരി മറിയയ്ക്ക്, ആദ്യം പ്രത്യക്ഷനായി.

b. സാത്താൻ ലോകത്തിന്റെ അധിപനും ആകാശത്തിന്റെ അധികാരിയുമാണ്; അവന് കീഴിൽ വാഴ്ചകളായും, അധികാരങ്ങളായും, ഈ ലോകത്തിലെ അന്ധകാരത്തിന്റെ ലോകാധിപതികളായും അവന്റെ ദൂതന്മാരുണ്ട്—യോഹ. 12:31; എഫെ. 2:2; 6:12.

യോഹ. 12:31 ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു; ഇപ്പോൾ ഈ ലോകത്തിന്റെ അധിപൻ പുറത്താക്കപ്പെടും.

എഫെ. 2:2 അവയിൽ നിങ്ങൾ ഈ ലോകത്തിന്റെ യുഗത്തിനൊത്തവണ്ണം, ആകാശത്തിലെ അധികാരത്തിന്, അനുസരണക്കേടിന്റെ പുത്രന്മാരിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന് അധിപതിയായവനൊത്തവണ്ണം ഒരിക്കൽ നടന്നിരുന്നു,

എഫെ. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന്

എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

2. മർക്കൊസ് 4:26-29-ലുള്ള ദൈവരാജ്യത്തെ സംബന്ധിച്ച വാക്കിനും 5:1-20-ലുള്ള ദൈവരാജ്യത്തിന്റെ പ്രകടനത്തിന്റെ രേഖയ്ക്കും ഇടയിൽ 4:35-41-ൽ കൊടുങ്കാറ്റുള്ള സമുദ്രത്തിന്റെ സംഭവമുണ്ട്:

മർക്കൊ. 4:26 പിന്നെ അവൻ പറഞ്ഞു, ഒരു മനുഷ്യൻ ഭൂമിയിൽ വിത്ത് എറിഞ്ഞതുപോലെ ആകുന്നു ദൈവരാജ്യവും,

മർക്കൊ. 4:27 പിന്നെ രാത്രിയും പകലും ഉറങ്ങിയും ഉണർന്നും, വിത്തു മുളയ്ക്കുകയും വളരുകയും ചെയ്യുന്നു, എങ്ങനെ എന്ന് അവൻ അറിയുന്നില്ല.

മർക്കൊ. 4:28 ഭൂമി തന്നെത്താൻ ഫലം കായ്ക്കുന്നു, ആദ്യം ഇലയും, പിന്നെ കതിരും, പിന്നെ കതിരിൽ നിറഞ്ഞ ധാന്യവും.

മർക്കൊ. 4:29 എന്നാൽ ഫലം വിളയുമ്പോൾ, കൊയ്ത്തു വന്നതിനാൽ ഉടനെ അവൻ അരിവാൾ അയയ്ക്കുന്നു.

മർക്കൊ. 5:1 പിന്നെ അവർ കടലിനക്കരെ ഗദരദേശത്തേക്കു വന്നു.

മർക്കൊ. 5:2 അവൻ പടകിൽനിന്ന് ഇറങ്ങിവന്നപ്പോൾ, ഉടനെ, കല്ലറകളിൽനിന്ന്, അശുദ്ധാത്മാവോടുകൂടിയ ഒരു മനുഷ്യൻ അവനെ കണ്ടുമുട്ടി,

മർക്കൊ. 5:3 അവനു കല്ലറകളുടെ ഇടയിൽ തന്റെ നിവാസം ഉണ്ടായിരുന്നു. ആർക്കും അവനെ ഒരു ചങ്ങല കൊണ്ടുപോലും ബന്ധിക്കുവാൻ കഴിഞ്ഞില്ല,

മർക്കൊ. 5:4 എന്തുകൊണ്ടെന്നാൽ അവൻ പലപ്പോഴും വിലങ്ങുകളും ചങ്ങലകളും കൊണ്ടു ബന്ധിക്കപ്പെടുകയും, ചങ്ങലകൾ മുറിക്കുകയും, വിലങ്ങുകൾ തകർക്കുകയും ചെയ്തു, അവനെ കീഴ്പ്പെടുത്തുവാൻ തക്കവണ്ണം ആരും ശക്തനല്ലായിരുന്നു.

മർക്കൊ. 5:5 രാത്രിയും പകലും ഉടനീളം, കല്ലറകളുടെ ഇടയിലും പർവ്വതങ്ങളിലും, അവൻ നിലവിളിക്കുകയും കല്ലുകൾകൊണ്ട് അവനെത്തന്നെ മുറിവേൽപ്പിക്കുകയും ചെയ്തിരുന്നു.

മർക്കൊ. 5:6 അവൻ യേശുവിനെ ദൂരെനിന്നു കണ്ടപ്പോൾ ഓടി അവനെ ആരാധിച്ച്,

മർക്കൊ. 5:7 ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട്, യേശുവേ, അത്യുന്നതനായ ദൈവത്തിന്റെ പുത്രാ, എനിക്കു നീയുമായി എന്തു കാര്യം? ഞാൻ ദൈവത്തെക്കൊണ്ട് നിന്നോടു കേണപേക്ഷിക്കുന്നു, എന്നെ ദണ്ഡിപ്പിക്കരുതേ! എന്ന് അവൻ പറഞ്ഞു.

മർക്കൊ. 5:8 എന്തെന്നാൽ അവൻ അവനോട്, അശുദ്ധാത്മാവേ, ആ മനുഷ്യനിൽ നിന്നു പുറത്തുവരുക എന്നു പറഞ്ഞിരുന്നു.

മർക്കൊ. 5:9 അവൻ അവനോട്, നിന്റെ പേര് എന്ത്? എന്നു ചോദിച്ചു. എന്റെ പേർ ലെഗ്യോൻ, കാരണം ഞങ്ങൾ അനേകരാകുന്നു എന്ന് അവൻ പറഞ്ഞു.

മർക്കൊ. 5:10 ആ ദേശത്തുനിന്നു തങ്ങളെ പുറത്ത് അയയ്ക്കരുതെന്ന്

അവൻ അവനോടു വളരെ അഭ്യർഥിച്ചു.

മർക്കൊ. 5:11 അവിടെ മലഞ്ചരിവിലാകട്ടെ, വലിയൊരു പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു.

മർക്കൊ. 5:12 അവയിലേക്കു പ്രവേശിക്കേണ്ടതിനു, ഞങ്ങളെ പന്നികളിലേക്ക് അയയ്ക്കേണം എന്ന് അവർ അവനോട് അഭ്യർഥിച്ചു.

മർക്കൊ. 5:13 അവൻ അവർക്ക് അനുവാദം കൊടുത്തു. അശുദ്ധാത്മാക്കൾ പുറത്തുവന്നു പന്നികളിലേക്കു പ്രവേശിച്ച്, ഏകദേശം രണ്ടായിരമുള്ള പന്നിക്കൂട്ടം, കുത്തനെയുള്ള ചരിവിലൂടെ താഴെ കടലിലേക്കു പാഞ്ഞുപോയി, കടലിൽ മുങ്ങിച്ചത്തു.

മർക്കൊ. 5:14 അവയെ മേയ്ച്ചുകൊണ്ടിരുന്നവർ ഓടിപ്പോയി പട്ടണത്തിലും ഗ്രാമപ്രദേശത്തിലും വിവരമറിയിച്ചു. നടന്നത് എന്തെന്നു കാണുവാൻ അവർ വന്നു.

മർക്കൊ. 5:15 അവർ യേശുവിന്റെ അടുക്കൽ വന്നു, ഭൂതഗ്രസ്തനായ, ലെഗ്യോൻ ഉണ്ടായിരുന്ന മനുഷ്യൻ, വസ്ത്രം ധരിച്ച് സുബോധമുള്ളവനുമായി ഇരിക്കുന്നതു കണ്ട്, ഭയപ്പെട്ടു.

മർക്കൊ. 5:16 കണ്ടവർ, ഭൂതഗ്രസ്തന് ഇത് എങ്ങനെ സംഭവിച്ചു എന്നും പന്നികളെക്കുറിച്ചും അവരോടു വിവരിച്ചു.

മർക്കൊ. 5:17 തങ്ങളുടെ അതിരുകളിൽ നിന്നു പിൻവാങ്ങുവാൻ തക്കവണ്ണം അവർ അവനോട് അപേക്ഷിക്കുവാൻ തുടങ്ങി.

മർക്കൊ. 5:18 അവൻ പടകിൽ കയറുമ്പോൾ, ഭൂതഗ്രസ്തനായിരുന്ന മനുഷ്യൻ യേശുവിനോടുകൂടെ ആയിരിക്കേണ്ടതിന് അവനോടു യാചിച്ചു.

മർക്കൊ. 5:19 യേശുവോ അവനെ അനുവദിച്ചില്ല, എന്നാൽ അവനോട്, നിന്റെ ഭവനത്തിലേക്ക്, നിന്റെ സ്വന്തം ജനത്തിന്റെ അടുക്കലേക്ക് പോകുക, കർത്താവ് എന്തു വൻകാര്യങ്ങളെ നിനക്കു ചെയ്തിരിക്കുന്നു എന്നും എങ്ങനെ അവനു നിന്റെമേൽ കരുണയുണ്ടായി എന്നും അവരോട് അറിയിക്കുക എന്നു പറഞ്ഞു.

മർക്കൊ. 5:20 അവൻ പോയി ദെക്കപ്പൊലിയിൽ യേശു എന്തു വൻകാര്യങ്ങളെ തനിക്കു ചെയ്തു എന്ന് പ്രഖ്യാപിക്കുവാൻ തുടങ്ങി, അങ്ങനെ എല്ലാവരും ആശ്ചര്യപ്പെട്ടു.

മർക്കൊ. 4:35 ആ ദിവസം വൈകുന്നേരം ആയപ്പോൾ അവൻ അവരോട്, നമുക്ക് അക്കരെയ്ക്കു പോകാം എന്നു പറഞ്ഞു.

മർക്കൊ. 4:36 പുരുഷാരത്തെ വിട്ട്, അവൻ ഇരുന്നപാടെ, അവർ അവനെ പടകിൽ കൂട്ടിക്കൊണ്ടുപോയി; മറ്റു പടകുകളും അവനോടുകൂടെ ഉണ്ടായിരുന്നു.

മർക്കൊ. 4:37 വലിയ ഒരു കൊടുങ്കാറ്റ് ഉണ്ടാകുകയും, തിരകൾ പടകിലേക്ക് ആഞ്ഞടിക്കുകയും ചെയ്തു, അപ്പോഴേക്കും പടകിൽ വെള്ളം നിറയുവാൻ തുടങ്ങി.

മർക്കൊ. 4:38 അവനോ തലയണമേൽ ഉറങ്ങിക്കൊണ്ട് അമരത്തായിരുന്നു. അവർ അവനെ ഉണർത്തി അവനോട്, ഗുരോ, ഞങ്ങൾ നശിച്ചുപോകുന്നു എന്നതിൽ നിനക്കു കരുതൽ ഇല്ലയോ? എന്നു ചോദിച്ചു.

മർക്കൊ. 4:39 അവൻ ഉണർത്തപ്പെട്ട ശേഷം, കാറ്റിനെ ശാസിച്ചു, കടലിനോട്, നിശ്ശബ്ദമാകുക! അടങ്ങുക! എന്നു പറഞ്ഞു. കാറ്റ് നിലച്ചു, വലിയ ശാന്തത ഉണ്ടായി.

മർക്കൊ. 4:40 അവൻ അവരോട്, നിങ്ങൾ ഇങ്ങനെ ഭീരുക്കൾ ആകുന്നത് എന്തു കൊണ്ട്? നിങ്ങൾക്കു വിശ്വാസം ഇല്ലാത്തത് എങ്ങനെ? എന്നു ചോദിച്ചു.

മർക്കൊ. 4:41 അവരോ അത്യന്തം ഭയപ്പെട്ട്, കാറ്റും കടലും പോലും അവനെ അനുസരിക്കുന്നുവല്ലോ, അപ്പോൾ ഇവൻ ആരാകുന്നു? എന്നു അന്യോന്യം പറഞ്ഞു.

a. കർത്താവായ യേശുവിനെ കടലിന്റെ മറുകരയിലേക്ക് പോകുന്നതിൽനിന്നും തടസ്സപ്പെടുത്തുവാൻ ആകാശത്തിലുള്ള വീണുപോയ ദൂതന്മാരും വെള്ളത്തിലുള്ള ഭൂതങ്ങളും യോജിച്ചു പ്രവർത്തിച്ചു, കാരണം അവൻ അവിടെ ഭൂതങ്ങളെ പുറത്താക്കുമെന്ന് അവർക്കറിയാമായിരുന്നു—5:1-20.

മർക്കൊ. 5:1 പിന്നെ അവർ കടലിനക്കരെ ഗദരദേശത്തേക്കു വന്നു.

മർക്കൊ. 5:2 അവൻ പടകിൽനിന്ന് ഇറങ്ങിവന്നപ്പോൾ, ഉടനെ, കല്ലറകളിൽനിന്ന്, അശുദ്ധാത്മാവോടുകൂടിയ ഒരു മനുഷ്യൻ അവനെ കണ്ടുമുട്ടി,

മർക്കൊ. 5:3 അവനു കല്ലറകളുടെ ഇടയിൽ തന്റെ നിവാസം ഉണ്ടായിരുന്നു. ആർക്കും അവനെ ഒരു ചങ്ങല കൊണ്ടുപോലും ബന്ധിക്കുവാൻ കഴിഞ്ഞില്ല,

മർക്കൊ. 5:4 എന്തുകൊണ്ടെന്നാൽ അവൻ പലപ്പോഴും വിലങ്ങുകളും ചങ്ങലകളും കൊണ്ടു ബന്ധിക്കപ്പെടുകയും, ചങ്ങലകൾ മുറിക്കുകയും, വിലങ്ങുകൾ തകർക്കുകയും ചെയ്തു, അവനെ കീഴ്പ്പെടുത്തുവാൻ തക്കവണ്ണം ആരും ശക്തനല്ലായിരുന്നു.

മർക്കൊ. 5:5 രാത്രിയും പകലും ഉടനീളം, കല്ലറകളുടെ ഇടയിലും പർവ്വതങ്ങളിലും, അവൻ നിലവിളിക്കുകയും കല്ലുകൾകൊണ്ട് അവനെത്തന്നെ മുറിവേൽപ്പിക്കുകയും ചെയ്തിരുന്നു.

മർക്കൊ. 5:6 അവൻ യേശുവിനെ ദൂരെനിന്നു കണ്ടപ്പോൾ ഓടി അവനെ ആരാധിച്ച്,

മർക്കൊ. 5:7 ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട്, യേശുവേ, അത്യുന്നതനായ ദൈവത്തിന്റെ പുത്രാ, എനിക്കു നീയുമായി എന്തു കാര്യം? ഞാൻ ദൈവത്തെക്കൊണ്ട് നിന്നോടു കേണപേക്ഷിക്കുന്നു, എന്നെ ദണ്ഡിപ്പിക്കരുതേ! എന്ന് അവൻ പറഞ്ഞു.

മർക്കൊ. 5:8 എന്തെന്നാൽ അവൻ അവനോട്, അശുദ്ധാത്മാവേ, ആ

മനുഷ്യനിൽ നിന്നു പുറത്തുവരുക എന്നു പറഞ്ഞിരുന്നു.

മർക്കൊ. 5:9 അവൻ അവനോട്, നിന്റെ പേര് എന്ത്? എന്നു ചോദിച്ചു. എന്റെ പേർ ലെഗ്യോൻ, കാരണം ഞങ്ങൾ അനേകരാകുന്നു എന്ന് അവൻ പറഞ്ഞു.

മർക്കൊ. 5:10 ആ ദേശത്തുനിന്നു തങ്ങളെ പുറത്ത് അയയ്ക്കരുതെന്ന് അവൻ അവനോടു വളരെ അഭ്യർഥിച്ചു.

മർക്കൊ. 5:11 അവിടെ മലഞ്ചരിവിലാകട്ടെ, വലിയൊരു പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു.

മർക്കൊ. 5:12 അവയിലേക്കു പ്രവേശിക്കേണ്ടതിനു, ഞങ്ങളെ പന്നികളിലേക്ക് അയയ്ക്കേണം എന്ന് അവർ അവനോട് അഭ്യർഥിച്ചു.

മർക്കൊ. 5:13 അവൻ അവർക്ക് അനുവാദം കൊടുത്തു. അശുദ്ധാത്മാക്കൾ പുറത്തുവന്നു പന്നികളിലേക്കു പ്രവേശിച്ച്, ഏകദേശം രണ്ടായിരമുള്ള പന്നിക്കൂട്ടം, കുത്തനെയുള്ള ചരിവിലൂടെ താഴെ കടലിലേക്കു പാഞ്ഞുപോയി, കടലിൽ മുങ്ങിച്ചത്തു.

മർക്കൊ. 5:14 അവയെ മേയ്ച്ചുകൊണ്ടിരുന്നവർ ഓടിപ്പോയി പട്ടണത്തിലും ഗ്രാമപ്രദേശത്തിലും വിവരമറിയിച്ചു. നടന്നത് എന്തെന്നു കാണുവാൻ അവർ വന്നു.

മർക്കൊ. 5:15 അവർ യേശുവിന്റെ അടുക്കൽ വന്നു, ഭൂതഗ്രസ്തനായ, ലെഗ്യോൻ ഉണ്ടായിരുന്ന മനുഷ്യൻ, വസ്ത്രം ധരിച്ച് സുബോധമുള്ളവനുമായി ഇരിക്കുന്നതു കണ്ട്, ഭയപ്പെട്ടു.

മർക്കൊ. 5:16 കണ്ടവർ, ഭൂതഗ്രസ്തന് ഇത് എങ്ങനെ സംഭവിച്ചു എന്നും പന്നികളെക്കുറിച്ചും അവരോടു വിവരിച്ചു.

മർക്കൊ. 5:17 തങ്ങളുടെ അതിരുകളിൽ നിന്നു പിൻവാങ്ങുവാൻ തക്കവണ്ണം അവർ അവനോട് അപേക്ഷിക്കുവാൻ തുടങ്ങി.

മർക്കൊ. 5:18 അവൻ പടകിൽ കയറുമ്പോൾ, ഭൂതഗ്രസ്തനായിരുന്ന മനുഷ്യൻ യേശുവിനോടുകൂടെ ആയിരിക്കേണ്ടതിന് അവനോടു യാചിച്ചു.

മർക്കൊ. 5:19 യേശുവോ അവനെ അനുവദിച്ചില്ല, എന്നാൽ അവനോട്, നിന്റെ ഭവനത്തിലേക്ക്, നിന്റെ സ്വന്തം ജനത്തിന്റെ അടുക്കലേക്ക് പോകുക, കർത്താവ് എന്തു വൻകാര്യങ്ങളെ നിനക്കു ചെയ്തിരിക്കുന്നു എന്നും എങ്ങനെ അവനു നിന്റെമേൽ കരുണയുണ്ടായി എന്നും അവരോട് അറിയിക്കുക എന്നു പറഞ്ഞു.

മർക്കൊ. 5:20 അവൻ പോയി ദെക്കപ്പൊലിയിൽ യേശു എന്തു വൻകാര്യങ്ങളെ തനിക്കു ചെയ്തു എന്ന് പ്രഖ്യാപിക്കുവാൻ തുടങ്ങി, അങ്ങനെ എല്ലാവരും ആശ്ചര്യപ്പെട്ടു.

b. തിരശ്ശീലയ്ക്ക് പിന്നിലുള്ള മത്സരികളായ ദൂതന്മാരും ഭൂതങ്ങളും നിമിത്തം കർത്താവ് കാറ്റിനെ ശാസിക്കുകയും കടലിനോട് നിശബ്ദമാകുവാൻ കല്പിക്കുകയും ചെയ്തു.

c. അവൻ കാറ്റിനെ ശാസിക്കുകയും കടലിനോട് സംസാരിക്കുകയും ചെയ്തശേഷം, കാറ്റ് നിലയ്ക്കുകയും, അവിടെ ഒരു വലിയ ശാന്തത ഉണ്ടാകുകയും ചെയ്തു, കാരണം ദുഷ്ട ദൂതന്മാരുടെയും ഭൂതങ്ങളുടെയും മത്സരം രാജ്യത്തിന്റെ ശക്തിയാൽ കീഴ്പ്പെടുത്തപ്പെട്ടിരുന്നു—4:39.

മർക്കൊ. 4:39 അവൻ ഉണർത്തപ്പെട്ട ശേഷം, കാറ്റിനെ ശാസിച്ചു, കടലിനോട്, നിശ്ശബ്ദമാകുക! അടങ്ങുക! എന്നു പറഞ്ഞു. കാറ്റ് നിലച്ചു, വലിയ ശാന്തത ഉണ്ടായി.

## II. ദൈവരാജ്യം കർത്താവായ യേശുവിന്റെ കായാന്തരണമാണ്—9:1-13:

മർക്കൊ. 9:1 അവൻ അവരോട്, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ദൈവരാജ്യം ശക്തിയിൽ വന്നിരിക്കുന്നതു കാണുംവരെ ഒരുവിധത്തിലും മരണം രുചിക്കാത്ത ചിലർ ഇവിടെ നിൽക്കുന്നവരിലുണ്ട് എന്നു പറഞ്ഞു.

മർക്കൊ. 9:2 പിന്നെ ആറു നാളുകൾക്കുശേഷം, യേശു പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും തന്നോടുകൂടെ കൂട്ടിക്കൊണ്ട് ഉയർന്ന ഒരു മലയിലേക്കു സ്വകാര്യമായി അവരെ മാത്രം മുകളിൽ കൊണ്ടുവന്നു. അവൻ അവരുടെ മുമ്പാകെ കായാന്തരപ്പെട്ടു,

മർക്കൊ. 9:3 അവന്റെ വസ്ത്രങ്ങൾ ഭൂമിയിലെ ഒരു അലക്കുകാരനും വെളുപ്പിക്കുവാൻ കഴിയാത്ത വിധത്തിൽ അത്യധികം വെളുത്തു തിളങ്ങുന്നതായിത്തീർന്നു.

മർക്കൊ. 9:4 ഏലീയാവ് മോശെയോടൊപ്പം അവർക്കു പ്രത്യക്ഷമായി, അവർ യേശുവിനോടു സംഭാഷിക്കുകയായിരുന്നു.

മർക്കൊ. 9:5 പത്രൊസ് ഉത്തരം നൽകി യേശുവിനോട്, റബ്ബീ നാം ഇവിടെ ആയിരിക്കുന്നതു നല്ലതാകുന്നു; നമുക്കു മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം, ഒന്നു നിനക്കും ഒന്നു മോശെക്കും ഒന്നു ഏലീയാവിനും എന്നു പറഞ്ഞു.

മർക്കൊ. 9:6 അവൻ എന്ത് ഉത്തരം പറയേണം എന്ന് അറിഞ്ഞിരുന്നില്ല, അവർ ഭയപരവശരായിരുന്നു.

മർക്കൊ. 9:7 അവരെ നിഴലിട്ടുകൊണ്ട് ഒരു മേഘം പ്രത്യക്ഷമായി, മേഘത്തിൽനിന്ന്, ഇവൻ എന്റെ പുത്രൻ, പ്രിയനായവൻ, ഇവനെ കേൾക്കുവിൻ! എന്നൊരു ശബ്ദവും വന്നു,

മർക്കൊ. 9:8 പെട്ടെന്ന്, അവർ ചുറ്റും നോക്കിയപ്പോൾ, തങ്ങളോടൊപ്പം യേശുവിനെ മാത്രമല്ലാതെ ആരെയും കണ്ടില്ല.

മർക്കൊ. 9:9 അവർ മലയിൽനിന്ന് ഇറങ്ങിവരുമ്പോൾ, മനുഷ്യപുത്രൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റിട്ടല്ലാതെ അവർ കണ്ട കാര്യങ്ങൾ ആരോടും വിവരിക്കരുതെന്ന് അവൻ അവരോട് ആജ്ഞാപിച്ചു.

മർക്കൊ. 9:10 മരിച്ചവരിൽനിന്ന് ഉയിർക്കുന്നതെന്തെന്നു തങ്ങളുടെ ഇടയിൽത്തന്നെ ചർച്ച ചെയ്തുകൊണ്ട്, അവർ ആ വാക്കു കാത്തു.

മർക്കൊ. 9:11 അവർ അവനോട്, ഏലീയാവ് ആദ്യം വരേണം എന്നു ശാസ്ത്രിമാർ എന്തുകൊണ്ടു പറയുന്നു? എന്നു ചോദിച്ചു.

മർക്കൊ. 9:12 അവൻ അവരോടു പറഞ്ഞു, ഏലീയാവു തീർച്ചയായും ആദ്യം വന്നു സകലവും പുനഃസ്ഥാപിക്കുന്നു. പിന്നെ മനുഷ്യപുത്രനെക്കുറിച്ച്, അവൻ അനേകം കാര്യങ്ങൾ സഹിക്കണമെന്നും ഒന്നുമല്ലാത്തവനായി എണ്ണപ്പെടേണമെന്നും എഴുതിയിരിക്കുന്നത് എങ്ങനെ?

മർക്കൊ. 9:13 എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, ഏലീയാവു തീർച്ചയായും

വന്നിരിക്കുന്നു, അവനെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ, തങ്ങൾ ഇച്ഛിച്ച കാര്യങ്ങൾ അവർ അവനോടു ചെയ്തു.

A. മർക്കൊസ് 9:1-13-ൽ വിവരിച്ചിരിക്കുന്നത് ശക്തിയിൽ വരുന്ന ദൈവരാജ്യത്തിന്റെ ഒരു ചിത്രമാണ്; ഈ ചിത്രത്തിന്റെ കേന്ദ്രം തേജസ്കരിക്കപ്പെട്ട യേശുവാണ്, അവനോടുകൂടെ പഴയനിയമ വിശുദ്ധന്മാരെ പ്രതിനിധീകരിക്കുന്ന മോശെയും ഏലീയാവും, പുതിയനിയമ വിശുദ്ധന്മാരെ പ്രതിനിധീകരിക്കുന്ന പത്രൊസും യാക്കോബും യോഹന്നാനും ഉണ്ട്—വാ. 2-4.

മർക്കൊ 9:1~13 be omitted.

മർക്കൊ. 9:2 പിന്നെ ആറു നാളുകൾക്കുശേഷം, യേശു പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും തന്നോടുകൂടെ കൂട്ടിക്കൊണ്ട് ഉയർന്ന ഒരു മലയിലേക്കു സ്വകാര്യമായി അവരെ മാത്രം മുകളിൽ കൊണ്ടുവന്നു. അവൻ അവരുടെ മുമ്പാകെ കായാന്തരപ്പെട്ടു,

മർക്കൊ. 9:3 അവന്റെ വസ്ത്രങ്ങൾ ഭൂമിയിലെ ഒരു അലക്കുകാരനും വെളുപ്പിക്കുവാൻ കഴിയാത്ത വിധത്തിൽ അത്യധികം വെളുത്തു തിളങ്ങുന്നതായിത്തീർന്നു.

മർക്കൊ. 9:4 ഏലീയാവ് മോശെയോടൊപ്പം അവർക്കു പ്രത്യക്ഷമായി, അവർ യേശുവിനോടു സംഭാഷിക്കുകയായിരുന്നു.

B. കർത്താവായ യേശു കായാന്തരപ്പെട്ടു എന്നതുകൊണ്ട് അർഥമാക്കുന്നത് അവന്റെ മനുഷ്യത്വം അവന്റെ ദിവ്യത്വത്തെക്കൊണ്ട് സാന്ദ്രീകരിക്കപ്പെടുകയും അഭിവ്യാപിക്കപ്പെടുകയും ചെയ്തു എന്നാണ്; അവന്റെ തേജസ്കരണമായിരുന്ന ഈ കായാന്തരണം അവന്റെ രാജ്യത്തിലുള്ള അവന്റെ വരവിനു തുല്യമായിരുന്നു—വാ. 2:

മർക്കൊ. 9:2 പിന്നെ ആറു നാളുകൾക്കുശേഷം, യേശു പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും തന്നോടുകൂടെ കൂട്ടിക്കൊണ്ട് ഉയർന്ന ഒരു മലയിലേക്കു സ്വകാര്യമായി അവരെ മാത്രം മുകളിൽ കൊണ്ടുവന്നു. അവൻ അവരുടെ മുമ്പാകെ കായാന്തരപ്പെട്ടു,

1. ശക്തിയിലുള്ള ദൈവരാജ്യത്തിന്റെ വരവിനെക്കുറിച്ചുള്ള വാക്യം 1-ലെ കർത്താവിന്റെ വാക്ക് മലമേൽവച്ചുള്ള അവന്റെ കായാന്തരണത്തിലൂടെ നിറവേറി—വാ. 2-3.

   മർക്കൊ. 9:1 അവൻ അവരോട്, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ദൈവരാജ്യം ശക്തിയിൽ വന്നിരിക്കുന്നതു കാണുംവരെ ഒരുവിധത്തിലും മരണം രുചിക്കാത്ത ചിലർ ഇവിടെ നിൽക്കുന്നവരിലുണ്ട് എന്നു പറഞ്ഞു.

   മർക്കൊ. 9:2 പിന്നെ ആറു നാളുകൾക്കുശേഷം, യേശു പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും തന്നോടുകൂടെ കൂട്ടിക്കൊണ്ട് ഉയർന്ന ഒരു മലയിലേക്കു സ്വകാര്യമായി അവരെ മാത്രം മുകളിൽ കൊണ്ടുവന്നു. അവൻ അവരുടെ മുമ്പാകെ കായാന്തരപ്പെട്ടു,

   മർക്കൊ. 9:3 അവന്റെ വസ്ത്രങ്ങൾ ഭൂമിയിലെ ഒരു അലക്കുകാരനും വെളുപ്പിക്കുവാൻ കഴിയാത്ത വിധത്തിൽ അത്യധികം വെളുത്തു തിളങ്ങുന്നതായിത്തീർന്നു.

2. കർത്താവായ യേശുവിന്റെ കായാന്തരണം, പ്രകാശിക്കൽ, അവന്റെ രാജ്യത്തിലുള്ള അവന്റെ വരവായിരുന്നു; എവിടെ അവന്റെ

കായാന്തരണമുണ്ടോ, അവിടെ രാജ്യത്തിന്റെ വരവുണ്ട്—മത്താ. 16:28—17:13; ലൂക്കൊ. 9:27-36.

മത്താ. 16:28 മനുഷ്യപുത്രൻ തന്റെ രാജ്യത്തിൽ വരുന്നതു കാണുംവരെ ഒരു വിധത്തിലും മരണം രുചിക്കാത്ത ചിലർ ഇവിടെ നിൽക്കുന്നവരിൽ ഉണ്ട് എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 17:1 ആറു ദിവസങ്ങൾക്കുശേഷം യേശു പത്രൊസിനെയും യാക്കോബിനെയും അവന്റെ സഹോദരനായ യോഹന്നാനെയും കൂട്ടിക്കൊണ്ട് സ്വകാര്യമായി അവരെ ഒരു ഉയർന്ന മലയിലേക്കു കൊണ്ടുവന്നു.

മത്താ. 17:2 അവരുടെ മുമ്പാകെ അവൻ കായാന്തരപ്പെട്ടു; അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിക്കുകയും അവന്റെ വസ്ത്രങ്ങൾ വെളിച്ചംപോലെ വെള്ളയായിത്തീരുകയും ചെയ്തു.

മത്താ. 17:3 ഇതാ, മോശെയും ഏലീയാവും, അവനോടു സംഭാഷിക്കുന്നതായി അവർക്കു പ്രത്യക്ഷമായി.

മത്താ. 17:4 പത്രൊസ് ഉത്തരം നൽകി യേശുവിനോട്, കർത്താവേ, നമുക്ക് ഇവിടെ ആയിരിക്കുന്നത് നല്ലത്; നീ ഇച്ഛിക്കുന്നു എങ്കിൽ ഇവിടെ മൂന്നു കൂടാരങ്ങൾ ഞാൻ ഉണ്ടാക്കാം, ഒന്ന് നിനക്കും, ഒന്ന് മോശെക്കും, ഒന്ന് ഏലീയാവിനും എന്നു പറഞ്ഞു.

മത്താ. 17:5 അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഇതാ, പ്രകാശപൂരിതമായ ഒരു മേഘം അവർക്കുമീതെ നിഴലിടുകയും, ഇതാ, മേഘത്തിൽ നിന്ന്, ഇവൻ എന്റെ പുത്രൻ, പ്രിയനായവൻ, ഇവനിൽ ഞാൻ എന്റെ പ്രസാദം കണ്ടെത്തിയിരിക്കുന്നു; ഇവനെ കേൾക്കുവിൻ! എന്നു സംസാരിക്കുന്ന ഒരു ശബ്ദവും ഉണ്ടായി.

മത്താ. 17:6 ശിഷ്യന്മാർ ഇതു കേട്ടതും കവിണ്ണുവീണ്, അത്യന്തം ഭയപ്പെട്ടു.

മത്താ. 17:7 യേശുവോ അവരുടെ അടുക്കൽ വന്ന് അവരെ തൊട്ടു, എഴുന്നേൽക്കുവിൻ, ഭയപ്പെടേണ്ട എന്നു പറഞ്ഞു.

മത്താ. 17:8 അവർ തങ്ങളുടെ കണ്ണുകൾ ഉയർത്തിയപ്പോൾ, യേശുവിനെ മാത്രമല്ലാതെ ആരെയും കണ്ടില്ല.

മത്താ. 17:9 അവർ മലയിൽനിന്ന് ഇറങ്ങവേ യേശു, മനുഷ്യപുത്രൻ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെടുംവരെ ഈ ദർശനം ആരോടും പറയരുത് എന്ന് അവരോടു കൽപ്പിച്ചു.

മത്താ. 17:10 ശിഷ്യന്മാർ അവനോട്, അപ്പോൾ ഏലീയാവ് ആദ്യം വരേണം എന്നു ശാസ്ത്രിമാർ എന്തിനു പറയുന്നു? എന്നു ചോദിച്ചു.

മത്താ. 17:11 അവൻ ഉത്തരം പറഞ്ഞു, ഏലീയാവ് തീർച്ചയായും വരുന്നുണ്ട്, അവൻ സകല കാര്യങ്ങളെയും യഥാസ്ഥാനപ്പെടുത്തും;

മത്താ. 17:12 എന്നാൽ ഏലീയാവ് വന്നു കഴിഞ്ഞു എന്നു ഞാൻ നിങ്ങളോടു പറയുന്നു; അവർ അവനെ തിരിച്ചറിഞ്ഞതുമില്ല, പക്ഷേ അവർ ഇച്ഛിച്ച കാര്യങ്ങൾ അവനോടു ചെയ്തു. അങ്ങനെതന്നെ മനുഷ്യപുത്രനും അവരാൽ കഷ്ടം സഹിക്കുവാൻ പോകുന്നു.

മത്താ. 17:13 അപ്പോൾ ശിഷ്യന്മാർ, അവൻ യോഹന്നാൻ സ്നാപകനെക്കുറിച്ചാകുന്നു അവരോടു പറഞ്ഞതെന്ന് ഗ്രഹിച്ചു.

ലൂക്കൊ. 9:27 എന്നാൽ ഞാൻ സത്യമായി നിങ്ങളോടു പറയുന്നു, ദൈവരാജ്യം കാണുംവരെ ഒരുവിധത്തിലും മരണം രുചിക്കാത്ത ചിലർ ഇവിടെ നിൽക്കുന്നവരിലുണ്ട്.

ലൂക്കൊ. 9:28 ഈ വാക്കുകൾക്ക് ഏകദേശം എട്ടു ദിവസങ്ങൾക്കു ശേഷം, അവൻ പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ട്, പ്രാർഥിക്കുവാൻ മലയിലേക്കു കയറിപ്പോയി.

ലൂക്കൊ. 9:29 അവൻ പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ, അവന്റെ മുഖത്തിന്റെ പ്രത്യക്ഷതയ്ക്കു വ്യത്യാസം ഉണ്ടായി, അവന്റെ വസ്ത്രം കണ്ണഞ്ചിപ്പിക്കുന്ന വെള്ളയുമായി.

ലൂക്കൊ. 9:30 ഇതാ, രണ്ടു പുരുഷന്മാർ അവനോടുകൂടെ സംഭാഷിച്ചുകൊണ്ടിരുന്നു, അവർ മോശെയും ഏലീയാവും ആയിരുന്നു.

ലൂക്കൊ. 9:31 അവർ തേജസ്സിൽ പ്രത്യക്ഷരായി, അവൻ യെരൂശലേമിൽ പൂർത്തിയാക്കാറായ അവന്റെ വിയോഗത്തെപ്പറ്റി സംസാരിച്ചു.

ലൂക്കൊ. 9:32 പത്രൊസും അവനോടുകൂടെ ഉണ്ടായിരുന്നവരും ഉറക്കത്താൽ കീഴ്പ്പെട്ടിരുന്നു, എന്നാൽ അവർ പൂർണമായി ഉണർന്നപ്പോൾ, അവർ അവന്റെ തേജസ്സിനെയും അവനോടൊപ്പം നിന്നിരുന്ന രണ്ടു പുരുഷന്മാരെയും കണ്ടു.

ലൂക്കൊ. 9:33 അവർ അവനിൽനിന്ന് വിട്ടുപിരിയുമ്പോൾ, പത്രൊസ്—താൻ പറയുന്നത് എന്തെന്ന് അറിയാതെ യേശുവിനോട്, യജമാനനേ, ഇവിടെ ആയിരിക്കുന്നത് നമുക്കു നന്ന്; നമുക്ക് മൂന്ന് കൂടാരങ്ങൾ ഉണ്ടാക്കാം, ഒന്നു നിനക്കും ഒന്നു മോശെക്കും ഒന്ന് ഏലീയാവിനും എന്നു പറഞ്ഞു.

ലൂക്കൊ. 9:34 അവൻ ഈ കാര്യങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു മേഘം പ്രത്യക്ഷമായി അവരുടെമേൽ നിഴലിട്ടു; അവർ മേഘത്തിനുള്ളിലേക്കു പ്രവേശിക്കവേ ഭയപരവശരായി.

ലൂക്കൊ. 9:35 മേഘത്തിൽനിന്ന്, ഇവൻ എന്റെ പുത്രൻ, തിരഞ്ഞെടുക്കപ്പെട്ടവൻ. ഇവനെ കേൾക്കുവിൻ! എന്നു പറഞ്ഞുകൊണ്ട് ഒരു ശബ്ദവും വന്നു.

ലൂക്കൊ. 9:36 ആ ശബ്ദം സംസാരിച്ചു കഴിഞ്ഞപ്പോൾ യേശു തനിയെ കാണപ്പെട്ടു. അവർ നിശബ്ദരായിരുന്നു, കണ്ടതൊന്നും ആ ദിവസങ്ങളിൽ ആരോടും അറിയിച്ചതുമില്ല.

3. കർത്താവായ യേശുവിന്റെ കായാന്തരണം അവൻ എന്താണെന്നുള്ളതിന്റെ സാക്ഷാൽക്കാരമായിരുന്നു.
4. കർത്താവായ യേശുവിന്റെ യാഥാർഥ്യത്തിന്റെ പ്രകാശിക്കലാണ് രാജ്യം; അവന്റെ പ്രകാശിക്കലിൻ കീഴിലായിരിക്കുന്നത് രാജ്യത്തിലായിരിക്കുന്നതാണ്—വെളി. 22:4-5.

വെളി. 22:4 അവർ അവന്റെ മുഖം കാണും, അവന്റെ നാമം അവരുടെ നെറ്റിമേൽ ഉണ്ടായിരിക്കും.

വെളി. 22:5 ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതിനാൽ, വിളക്കിന്റെ വെളിച്ചവും സൂര്യന്റെ വെളിച്ചവും അവർക്ക് ആവശ്യമില്ല; അവർ എന്നെന്നേക്കും വാഴും.

C. ഒരു വിത്തായി ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വിതയ്ക്കപ്പെട്ടിരിക്കുന്നു; തളിർക്കുകയും തേജസ്സിൽ വെളിപ്പെടുകയും ചെയ്യുന്നതുവരെ ഈ വിത്ത് വളരുകയും വികസിക്കുകയും ചെയ്യും—മർക്കൊ. 4:26-29; കൊലൊ. 3:3-4:

മർക്കൊ. 4:26 പിന്നെ അവൻ പറഞ്ഞു, ഒരു മനുഷ്യൻ ഭൂമിയിൽ വിത്ത് എറിഞ്ഞതുപോലെ ആകുന്നു ദൈവരാജ്യവും,

മർക്കൊ. 4:27 പിന്നെ രാത്രിയും പകലും ഉറങ്ങിയും ഉണർന്നും, വിത്തു മുളയ്ക്കുകയും വളരുകയും ചെയ്യുന്നു, എങ്ങനെ എന്ന് അവൻ അറിയുന്നില്ല.

മർക്കൊ. 4:28 ഭൂമി തന്നെത്താൻ ഫലം കായ്ക്കുന്നു, ആദ്യം ഇലയും, പിന്നെ കതിരും, പിന്നെ കതിരിൽ നിറഞ്ഞ ധാന്യവും.

മർക്കൊ. 4:29 എന്നാൽ ഫലം വിളയുമ്പോൾ, കൊയ്ത്തു വന്നതിനാൽ ഉടനെ അവൻ അരിവാൾ അയയ്ക്കുന്നു.

കൊലൊ. 3:3 എന്തെന്നാൽ നിങ്ങൾ മരിച്ചു, നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു.

കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

1. മർക്കൊസ് 4-ൽ വിതയ്ക്കപ്പെട്ട വിത്തായ ക്രിസ്തുവിന്റെ കായാന്തരണം മർക്കൊസ് 9-ൽ നാം കാണുന്നു.

   Mark 9 be omitted.

   Mark 4 be omitted.

2. ദൈവരാജ്യത്തിന്റെ വിത്തായി നാം സ്വീകരിച്ചിരിക്കുന്നവൻ നമ്മുടെ ഉള്ളിൽനിന്നും പുഷ്പിക്കുന്നതുവരെ നമ്മിൽ വളരേണ്ടതാവശ്യമാണ്; ഈ പുഷ്പിക്കൽ പ്രായോഗികവും അനുഭവപരവുമായ രീതിയിൽ കർത്താവിന്റെ കായാന്തരണമായിരിക്കും—കൊലൊ. 1:27.

   കൊലൊ. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,

3. ക്രിസ്തു നമ്മുടെ ഉള്ളിൽ കായാന്തരപ്പെടുമ്പോൾ, ആ കായാന്തരണം നമ്മുടെ ജീവിതത്തിലുള്ള സകലത്തിനുംമേൽ ഭരണം നടത്തുന്ന ദൈവരാജ്യമായിത്തീരുന്നു—വാ. 13.

   കൊലൊ. 1:13 അവൻ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് നമ്മെ വിടുവിച്ച്, തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു,

4. ദൈവരാജ്യമെന്ന നിലയിൽ സഭയ്ക്ക് സ്വാഭാവിക ജീവനിൽ നിലനിൽക്കുവാൻ കഴിയുകയില്ല, കായാന്തരണത്തിന്റെ ഈ മണ്ഡലത്തിൽ മാത്രമേ നിലനിൽക്കുവാൻ കഴിയുകയുള്ളൂ—റോമ. 14:17.

   റോമ. 14:17 എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ.

5. കർത്താവിൻ നിമിത്തം നമ്മുടെ ദേഹി-ജീവനെ നഷ്ടപ്പെടുത്തുവാൻ നാം മനസ്സുള്ളവരാണെങ്കിൽ, സഭാ ജീവിതത്തിൽ പ്രബലമായ ഒരു കായാന്തരണം നാം അനുഭവിക്കും; ഈ കായാന്തരണം ഒരു യഥാർഥ ഉണർവായിരിക്കും—മർക്കൊ. 8:35-38; മത്താ. 16:25-27.

മർക്കൊ. 8:35 തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തവും സുവിശേഷം നിമിത്തവും തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ രക്ഷിക്കും.

മർക്കൊ. 8:36 ഒരു മനുഷ്യൻ സർവലോകവും നേടുകയും തന്റെ ദേഹിജീവനെ നഷ്ടമാക്കുകയും ചെയ്താൽ അവന് എന്തു പ്രയോജനം?

മർക്കൊ. 8:37 ഒരു മനുഷ്യന് തന്റെ ദേഹിജീവനു പകരമായി എന്തു നൽകുവാൻ കഴിയും?

മർക്കൊ. 8:38 വ്യഭിചാരവും പാപവുമുള്ള ഈ തലമുറയിൽ ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ചു ലജ്ജിച്ചാൽ, മനുഷ്യപുത്രനും, തന്റെ പിതാവിന്റെ തേജസ്സിൽ വിശുദ്ധ ദൂതന്മാരോടൊപ്പം വരുമ്പോൾ, അവനെക്കുറിച്ചു ലജ്ജിക്കും.

മത്താ. 16:25 തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും.

മത്താ. 16:26 ഒരു മനുഷ്യൻ സർവലോകവും നേടീട്ട്, തന്റെ ദേഹിജീവനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം ചെയ്യും? അല്ലെങ്കിൽ ഒരു മനുഷ്യൻ തന്റെ ദേഹിജീവന് എന്തു പകരം നൽകും?

മത്താ. 16:27 എന്തെന്നാൽ മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരോടുകൂടെ വരുവാനിരിക്കുന്നു, അപ്പോൾ അവൻ ഓരോരുത്തനും തന്റെ പ്രവൃത്തിക്കൊത്തവണ്ണം മടക്കിത്തരും.

**III. “അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും”—മത്താ. 13:43:**

A. രാജ്യത്തിന്റെ പ്രത്യക്ഷതയുടെ സമയത്ത്, നമ്മുടെ മനുഷ്യത്വം നമ്മുടെ ഉള്ളിലുള്ള മഹത്വകരമായ ദിവ്യത്വത്താൽ തേജസ്കരിക്കപ്പെടും—കൊലൊ. 1:27.

കൊലൊ. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,

B. ഒരർഥത്തിൽ, കർത്താവ് സ്വർഗത്തിൽനിന്ന് മടങ്ങിവരും, എന്നാൽ മറ്റൊരർഥത്തിൽ, അവൻ നമ്മിൽനിന്ന് പുറത്തുവരും; അവൻ നമ്മിൽനിന്ന് പൂർണ്ണമായി ജീവിച്ചു വെളിപ്പെടുമ്പോൾ, അതായിരിക്കും അവന്റെ വരവിന്റെ സമയം—മത്താ. 16:27; 2 തെസ്സ. 1:10; കൊലൊ. 1:27; 3:4.

മത്താ. 16:27 എന്തെന്നാൽ മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരോടുകൂടെ വരുവാനിരിക്കുന്നു, അപ്പോൾ അവൻ ഓരോരുത്തനും തന്റെ പ്രവൃത്തിക്കൊത്തവണ്ണം മടക്കിത്തരും.

2 തെസ്സ. 1:10 അവർ കർത്താവിന്റെ സന്നിധിയിൽ നിന്നും അവന്റെ ബലത്തിന്റെ മഹത്വത്തിൽ നിന്നും നിത്യനാശം എന്ന പിഴ കൊടുക്കും.

കൊലൊ. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,

കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

C. രാജ്യത്തിന്റെ പൂർണ പ്രത്യക്ഷതയുടെ സമയത്ത്, നാം പൂർണമായി തേജസ്സിലേക്ക് പ്രവേശിക്കും—റോമ. 8:18, 21; എബ്രാ. 2:10; ഫിലി. 3:21.

റോമ. 8:18 എന്തെന്നാൽ നമ്മുടെമേൽ വെളിപ്പെടുവാനിരിക്കുന്ന വരുവാനുള്ള തേജസ്സിനോടു താരതമ്യം ചെയ്യുവാൻ ഈ കാലത്തുള്ള കഷ്ടങ്ങൾ യോഗ്യമല്ല എന്ന് ഞാൻ നിരൂപിക്കുന്നു.

റോമ. 8:21 അതിന്റെ സ്വന്ത ഹിതത്താലല്ല, അതിനെ കീഴ്പ്പെടുത്തിയവൻ നിമിത്തം വ്യർഥതയ്ക്ക് കീഴ്പ്പെട്ടിരിക്കുന്നു.

എബ്രാ. 2:10 എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു.

ഫിലി. 3:21 അവൻ സകലത്തെയും തനിക്കുതന്നെ കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരത്തിനൊത്തവണ്ണം, നമ്മുടെ താഴ്ച്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപപ്പെടുമാറ് കായാന്തരപ്പെടുത്തും.

D. സഹസ്രാബ്ദത്തിൽ ജയാളികളായ വിശ്വാസികൾ രാജ്യത്തിന്റെ ശോഭയുള്ള തേജസ്സിൽ ക്രിസ്തുവിനോടു കൂടെയായിരിക്കും, അതേസമയം പരാജിതരായ ക്രിസ്ത്യാനികൾ പുറത്തുള്ള ഇരുട്ടിൽ ശിക്ഷണം അനുഭവിക്കും—മത്താ. 13:43; 8:12.

മത്താ. 13:43a അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും...

മത്താ. 8:12 എന്നാൽ രാജ്യത്തിന്റെ പുത്രന്മാരെ പുറത്തുള്ള ഇരുട്ടിലേക്ക് എറിഞ്ഞുകളയും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടായിരിക്കും.